# ദൈവസഭാ ദൂതൻ

വാല്യം 48 | ഏപ്രിൽ - 2015 | ലക്കം 3 | 10 ₹



"സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗി എല്ലാം
പുല്ലിന്റെ പൂ പോലെയും ആകുന്നു; പുല്ലു വാടി, പൂവുതിർന്നു പോയി;
കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു'
(1 Peter 1:24, 25)

## ഈ ലക്കത്തിൽ


| | | |
|---|---|---|
| 1 | തലമുറ | 3 |
| 2 | കരുതലിന്റെ കരം കാറ്റിലും | 5 |
| 3 | നാം എഴുന്നേറ്റ് പണിയുക | 8 |
| 4 | മുഖം വാടിയവർ | 10 |
| 5 | കാത്തിരിക്കുകയാണോ | 12 |
| 6 | ഒരു ഭ്രാന്തിയുടെ സുവിശേഷം | 14 |
| 7 | Never Abandon Your Ship | 15 |
| 8 | യുവതരംഗം | 17 |
| 9 | ശാന്തിയുടെ തീരത്ത് | 18 |
| 10 | പ്രതിബിംബം | 22 |
| 11 | പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും | 23 |
| 12 | പുത്തൻ തലമുറ | 26 |



# CHURCH OF GOD HERALD

ദൈവസഭാനാവായ ഒരു ഉത്തമ പ്രതിമാസ പ്രസിദ്ധീകരണം
ലേഖനസംബന്ധമായ ഉത്തരവാദിത്വം ലേഖനകർത്താവിനു മാത്രം

**വാർഷിക വരിസംഖ്യ : ഇന്ത്യയിൽ 100 രൂപ**
**ഇന്ത്യയ്ക്ക് വെളിയിൽ 1000 രൂപ**

കത്തുകൾ, ലേഖനങ്ങൾ, മാറ്റപത്രങ്ങൾ, വരിസംഖ്യ എന്നിവ അയയ്ക്കേണ്ട വിലാസം



Br. Paul Thomas
Church Of God Herald, CRA - 67, Chakungal Road
Palarivattom, Kochi - 682 025
Phone: 9249720378
e-mail: padipurakkal@yahoo.co.uk



- Chief Editor: Br. Paul Thomas

EDITORIAL BOARD

- Pr. George Philip
- Pr. P. Solomon
- Prof. John M. George
- Eva. T. M. Eldo
- Br. Paul Varghese Medamana
- Sr. Podiamma Thomas

CO-ORDINATING COMMITTEE

- Pr. T. L. Shaji
- Pr. Pradeep Thomas
- Eva. Bright Daniel
- Br. Jose P. N.
- Sr. Dainy Paul
- Sr. Latha Jose

# എഡിറ്റോറിയൽ



## തലമുറ

ആധുനിക ലോകം വരും തലമുറയെ വാർത്തെടുക്കുന്നതിൽ വളരെയേറെ ശ്രദ്ധ ചെലുത്തുന്നതായി കാണാൻ കഴിയും. ഏറ്റവും ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനായി ആയിരങ്ങളും പതിനായിരങ്ങളും ലക്ഷങ്ങളും ചെലവിടുന്നു. ഉന്നത വിദ്യാഭ്യാസത്തിനായി രാജ്യത്തിനകത്തും പുറത്തുമുള്ള പേരുകേട്ട യുണിവേഴ്സിറ്റികൾ തേടി പോകുന്നു. തങ്ങളുടെ മക്കളുടെ ഭാവിക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറായി നില്ക്കുന്ന മാതാപിതാക്കളെ ഇവിടെയെല്ലാം നമുക്കു ദർശിക്കാം. മാത്രമല്ല വിദേശത്തും സ്വദേശത്തും ഉള്ള ഇക്കൂട്ടർ പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിച്ചു ധനം സമ്പാദിക്കുന്നു. സർക്കാർ അനുവദിച്ചിട്ടുള്ള പ്രായത്തിൽ ജോലിയിൽനിന്നും വിരമിക്കേണ്ടിവന്നാലും വീണ്ടും തൊഴിൽ കണ്ടെത്തി ധനസമ്പാദനം തുടർന്നുകൊണ്ടേയിരിക്കും. ഇതിൽ ചെറിയൊരു പങ്ക് സ്വന്തം ആവശ്യത്തിനു വേണ്ടിയും ബാക്കി നിക്ഷേപമായും തുടരുന്നു. എന്തിനുവേണ്ടിയാണ് ഈ പ്രായത്തിലും നിങ്ങൾ അദ്ധ്വാനിക്കുകയും സമ്പാദിക്കുകയും ചെയ്യുന്നത് എന്ന് ഈ കൂട്ടരോടു ചോദിച്ചാൽ അവരുടെ മറുപടി ഇപ്രകാരമായിരിക്കും: ഞാൻ എന്റെ മക്കൾക്കുവേണ്ടിയും മക്കളുടെ മക്കൾക്കുവേണ്ടിയും സമ്പാദ്യങ്ങളെ കൂട്ടിവയ്ക്കുന്നു.

സങ്കീർത്തനം 103 ന്റെ 17 ൽ ദാവീദ് ഇങ്ങനെ പറയുന്നു:

**"യഹോവയുടെ ദയയോ എന്നും എന്നേക്കും അവന്റെ ഭക്തന്മാർക്കും അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും."**

യഹോവയുടെ കല്പന അനുസരിച്ചു യഹോവാഭക്തനായി ജീവിക്കുന്ന ഒരുവനോടുള്ള ദൈവനീതി അവനിൽ അവസാനിക്കുന്നില്ല; അതു മക്കളിലേക്കും മക്കളുടെ മക്കളിലേക്കും നീണ്ടുനില്ക്കുന്നു എന്നു സങ്കീർത്തനക്കാരൻ നമ്മെ ഓർപ്പിക്കുന്നു.

ദൈവത്തിന്റെ അരുളപ്പാടനുസരിച്ചു തന്റെ ദേശത്തേയും ചാർച്ചക്കാരേയും പിതൃഭവനത്തേയും വിട്ടു പുറപ്പെട്ടു ദൈവകല്പന അനുസരിച്ച് അവനെ ആരാധിച്ച് ജീവിച്ച അബ്രഹാമിനോടു ദൈവം ഒരു നിയമം ചെയ്യുന്നു. "ഞാൻ നിനക്കും നിന്റെ ശേഷം

നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിനു ഞാൻ എനിക്കും നിനക്കും നിന്റെ ശേഷം തലമുറ തലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും" (ഉല്പ. 17:7). ഈ നിത്യനിയമം യിസ്ഹാക്കിലൂടെ യാക്കോബിലൂടെ തല മുറകളിലേക്കു നീളുന്നതായി നമുക്കു കാണാം. ഇതിന് ഒരു ഉത്തമ ദൃഷ്ടാന്തമാണു ബേർശേബയിൽനിന്നും പദ്ദൻ-ആരാമിലേക്കു പുറപ്പെട്ട യാക്കോബിനു രാത്രിയിൽ ഉണ്ടായ സ്വപ്നം.

ദൈവം രാത്രിയിൽ സ്വപ്നത്തിലൂടെ പ്രത്യക്ഷനായ യാക്കോബിനോട് ഇപ്രകാരം സ്വയം പരിചയപ്പെടുത്തുന്നു: ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു (ഉല്പത്തി 28:13). ആരാധനയുള്ള ഭവനത്തിലും ദൈവീക അരുളപ്പാടുകൾ ലഭിച്ച പിതാക്കന്മാർക്കും ജനിച്ചു വളർന്ന യാക്കോബിനു ദൈവവുമായി അതുവരെ അടുത്ത ബന്ധമുണ്ടായിരുന്നില്ല. അതുകൊണ്ടാണു നിന്റെ ദൈവമായ യഹോവയാണ് ഞാൻ എന്നു ദൈവത്തിനു പറയാൻ കഴിയാതെ പോയത്. എന്നാൽ അബ്രഹാമിനു കൊടുത്ത നിത്യനിയമത്തിൽനിന്നും ദൈവത്തിനു വ്യതിചലിക്കാൻ കഴിയാത്തതുമാണു സഹോദരനായ ഏശാവിനെ പേടിച്ചു ഭവനത്തിൽനിന്നും ഓടിപ്പോയ യാക്കോബിനെത്തേടി ദൈവം എത്തിയത്. ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദത്തങ്ങൾ യാക്കോബിനോടും ആവർത്തിക്കുന്നു. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെയാകുമെന്നും നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കുമെന്നും നീ കിടക്കുന്ന ഭൂമിയെ നിനക്കും നിന്റെ സന്തതിക്കും അവകാശമായി തരുമെന്നും അരുളിച്ചെയ്യുന്നു. മാത്രമല്ല, നീ പോകുന്ന ഈ യാത്രയിൽ ഞാൻ നിന്നോടുകൂടെയുണ്ടെന്നും നിന്നെ കാത്തുപരിപാലിച്ച് ഈ നാട്ടിലേക്കു തന്നെ മടക്കി വരുത്തും എന്നും ദൈവം അരുളിച്ചെയ്തു.

ദൈവത്തിന്റെ യാക്കോബിനോടുള്ള ഇടപെടൽ യാക്കോബിന്റെ ദൈവത്തിലുള്ള വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. താൻ രാത്രിയിൽ ഏകനായി കിടന്നുറങ്ങിയെങ്കിലും ആ വെളിമ്പ്രദേശത്തു തന്നെ കാക്കാൻ ദൈവവും ദൈവദൂതന്മാരും ഉണ്ടായിരുന്നു എന്ന തിരിച്ചറിവ് അതികാലത്തെ എഴുന്നേറ്റു ദൈവവുമായി ഒരു ഉടമ്പടി ചെയ്യാൻ യാക്കോബിനെ പ്രാപ്തനാക്കി. ആ ഉടമ്പടി യാക്കോബ് ദൈവത്തിനോടു പറയുന്നുവെങ്കിലും അതിലെ വാക്കുകൾ തനിക്കു ദൈവത്തിൽനിന്നും രാത്രിയിൽ ലഭിച്ച വാഗ്ദത്തങ്ങളായിരുന്നു. യാക്കോബ് ദൈവത്തിന്റെ മുമ്പിൽ സമ്പൂർണ്ണമായി സമർപ്പിക്കുകയും ദൈവത്തെ ആരാധിച്ചു ദൈവകല്പനകൾ അനുസരിച്ചു ജീവിക്കാമെന്നു തീരുമാനമെടുക്കുകയും ചെയ്യുന്നു.

ഭൗമികമായ മനുഷ്യന്റെ പ്രയത്നവും മക്കൾക്കുവേണ്ടിയുള്ള സമ്പാദ്യങ്ങളും നിക്ഷേപങ്ങളും പലപ്പോഴും തലമുറകൾക്ക് അനുഭവിക്കാൻ കഴിയാതെ പോകുന്നു. എന്നാൽ ദൈവകല്പന അനുസരിച്ചു ജീവിക്കുന്ന യഹോവാഭക്തന്റെ തലമുറ അനുഗ്രഹിക്കപ്പെടുന്നതു ദൈവനീതിയാണ്. അതുകൊണ്ടു തലമുറകൾക്കുവേണ്ടി ഈ ലോകത്തിലല്ല, സ്വർഗ്ഗത്തിൽ നിക്ഷേപങ്ങളെ കൂട്ടാൻ ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ.

(P. T.) ✦

# കരുതലിന്റെ കരം കാറ്റിലും

പാസ്റ്റർ റ്റി. എൽ. ഷാജി



**കാ**റ്റ് എന്നതിന് ഗ്രീക്കു ഭാഷയിൽ അനേമോസ് (Anemos) എന്ന പദമാണ് കാണുന്നത്. പിടിച്ചുലക്കുക, ആട്ടി അനക്കുക എന്നിത്യാദി അർത്ഥമാണ് അതിനുള്ളത്. തിരുവെഴുത്തിൽ നിരവധി കാറ്റുകളെയും അവയിലൂടെ വെളിപ്പെട്ട ദൈവശക്തിയേയും കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. കിഴക്കൻ കാറ്റിനേയും ചുഴലിക്കാറ്റിനേയും കുറിച്ച് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചു. മറ്റു ചില കാറ്റുകളെക്കൂടി പഠനവിഷയമാക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു.

## വടതിക്കാറ്റ്, തെന്നിക്കാറ്റ്

വടക്കുനിന്ന് അഥവാ ഉത്തരധ്രുവത്തിൽ നിന്നടിക്കുന്ന കാറ്റുകാരണം യിസ്രായേലിന്റെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഹെർമ്മോൻ കൊടുമുടികളിൽ മൂടി കിടക്കുന്ന മഞ്ഞുകണങ്ങളിൽ അടിച്ചാണ് അത് തെക്കോട്ട് വീശുന്നത്. അതോടു ചേർന്നാണ് വടതി കാറ്റിന്റെ കാലത്ത് ദേശത്ത് മഴ പെയ്യുന്നത്. അതുകൊണ്ട് വടതികാറ്റ് ആശ്വാസത്തിന്റെ പ്രതീകമായി കരുതിയിരുന്നു. തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന സീനായ് മരുഭൂമിയിൽ നിന്നുള്ള ചൂടു വഹിച്ചുകൊണ്ടു വരുന്ന കാറ്റാണ് തെന്നിക്കാറ്റ്. വടക്കുനിന്നു വരുന്ന കുളിർകാറ്റും തെക്കുനിന്നു വരുന്ന ചൂടുകാറ്റും ഒന്നിക്കുമ്പോഴാണ് യിസ്രായേൽ ദേശത്ത് മഴ ഉണ്ടാകുന്നത്. ഈ കാറ്റുകളെക്കുറിച്ച് ഉത്തമഗീതത്തിൽ പറയുവാനുള്ള സന്ദർഭംകൂടി നോക്കാം.

പാലസ്തീന്റെ ഉത്തരഭാഗത്ത് ഗിൽബോ പർവ്വതത്തിനെതിരെ യിസ്സാഖാർ ഗോത്രം വകയായി ശൂനേം അഥവാ ശൂലേം എന്നൊരു സ്ഥലം ഉണ്ടായിരുന്നു. കർമ്മേൽ പർവ്വതത്തിൽ നിന്ന് ഏകദേശം 60 മൈൽ അകലെയാണ് ശൂലേം. അവിടത്തെ ഇടയകുടിലുകളിൽ ഒന്നിൽ അരുണോദയംപോലെ ശോഭയുള്ള ഒരു പെൺകുഞ്ഞ് ജനിച്ചു. കൗമാര പ്രായത്തിൽ അജപാലനത്തിൽ ഏർപ്പെട്ട അവൾ, അമ്മയുടെ പുത്രന്മാരുടെ മുന്തിരിത്തോട്ടവും കാവൽചെയ്തു പോന്നു. ഇങ്ങനെയിരിക്കെ ഒരുനാൾ ശലോമോൻ രാജാവ് ദേശത്ത് ഉഷ്ണം അതികഠിനമായതിനാൽ 60 രാജ്ഞിമാരും 80 വെപ്പാട്ടികളുമായി ലെബാനോനിലെ ഗ്രീഷ്മഗ്രഹത്തിൽ അവധിക്കാലം ആഘോഷിക്കുവാൻ പുറപ്പെട്ടു. ഈ യാത്രയിൽ ലെബാനോൻ വനങ്ങളിൽ പാർക്കുന്ന നാളുകൾക്കാവശ്യമായ കായ്കനികൾ ശേഖരിക്കുന്നവർ പൂത്തുലഞ്ഞ് കൊമ്പ് കുത്തി കിടക്കുന്ന മുന്തിരി തോട്ടത്തിൽ എത്തി. അവർ മുന്തിരിക്കുലകൾ അടർത്തി എടുക്കാൻ ശ്രമിക്കുമ്പോൾ ഇതാ കമനീയ കാന്തി ദമംപോലെ അതിരൂപിണിയായൊരു കന്യക. അവൾ ചന്ദ്രനെപ്പോലെ സൗന്ദര്യവതി, സൂര്യനെപ്പോലെ നിർമ്മല കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കര. അവളത്രേ ശൂലോമി. അനുവാദം കൂടാതെ തോട്ടത്തിൽ കയറിയതിന്റെ പരിഭവം അവൾ പ്രകടമാക്കി. രാജസേവകർ

ഇവളെക്കുറിച്ചുള്ള വസ്തുതകൾ അംഗരക്ഷകരുടെ ഇടയിൽ വിശ്രമിക്കുന്ന രാജാവിനെ ധരിപ്പിച്ചു. അവളെക്കുറിച്ചുള്ള വർണ്ണനകൾ കേട്ട രാജാവ് അവളെയൊന്ന് കാണാൻ വെമ്പൽകൊണ്ടു. തന്റെ പ്രജകൾക്കൊപ്പം മുന്തിരിതോട്ടത്തിലെത്തിയ രാജാവ് ആ അതിരൂപിണിയെ കണ്ട് അന്തിച്ച് ആശ്ചര്യ പുളകിതനായി. ആ മുന്തിരിതോട്ടത്തിന്റെ ഉടമസ്ഥനെ അന്വേഷിച്ചപ്പോൾ ശൂലേമിയുടെ അമ്മയുടെ പുത്രന്മാർ തന്നെയാണ് ആ മുന്തിരിതോട്ടത്തിന്റെ അവകാശികൾ എന്ന് ബോധ്യപ്പെട്ടു. രാജാവ് തന്റെ ഇംഗിതം അവരെ അറിയിച്ചു. ലെബാനോൻ പര്യടനത്തിന് വന്ന രാജാവ് സുഖവാസം അവസാനിപ്പിച്ച് യെരുശലേമിലേയ്ക്ക് തിരികെപോയി. ശൂലമിയുടെ അമ്മയുടെയും സഹോദരന്മാരുടെയും നിർബന്ധത്തിനു വഴങ്ങി അവൾക്കും യെരുശലേമിലേയ്ക്കു പോകേണ്ടിവന്നു. രണ്ടുവർഷം വരെ നീണ്ടുനിൽക്കുന്ന രാജകീയ ശുദ്ധീകരണത്തിന് അവളെ വിധേയയാക്കി. ഈ കാലഘട്ടത്തിൽ യെരുശലേം പുത്രിമാരും, തോഴിമാരും, കന്യകമാരും, ശലോമോന്റെ പ്രതാപത്തെയും മഹത്വത്തേയുംകുറിച്ച് വർണ്ണിച്ചുകൊണ്ടിരുന്നു. രാജാവിന്റെയും പരിവാരങ്ങളുടെയും യെരുശലേം പുത്രിമാരുടെയും സ്നേഹം ഏറ്റുവാങ്ങുമ്പോഴും ആ മുഖം തെളിയാതിരുന്നത് സകലരേയും ആശയകുഴപ്പത്തിലാക്കി. നീണ്ട രണ്ടുവർഷത്തെ ശുദ്ധീകരണ പ്രക്രിയകൾക്കുശേഷം വിവാഹത്തിന്റെ നാളുകൾ അടുത്തുവന്നു. അതിനുമുമ്പായി നടക്കേണ്ട ഒരു വലിയ ചടങ്ങുണ്ട് അത് മനസമ്മതമായിരുന്നു. അതിനായി രാജ്യനഗരം ഒരുങ്ങി. ഒപ്പം രാജാവും രാജവസ്ത്രം ധരിച്ച് തലയിൽ പൊൻകിരീടം ചൂടി വലങ്കയ്യിൽ ചെങ്കോൽ പിടിച്ച് അംഗുരത്തിൽ മുദ്രമോതിരമണിഞ്ഞ് ആരെയും അമ്പരപ്പിക്കുന്ന എഴുന്നെള്ളത്ത്. അരയിൽ വാൾ കെട്ടിയ യുദ്ധവീരന്മാർ സ്വർണ്ണപരിചകൾ ഏന്തിനിൽക്കുന്നു. വാദ്യനാദങ്ങളുടെ അകമ്പടി, തപ്പുകൊട്ടുന്ന കന്യകമാർ, ഈ കാഴ്ചകൾ ആരെയാണ് അത്ഭുത പരതന്ത്രരാക്കാത്തത്. രാജകവാടത്തിലൂടെ ശൂലേമി തോഴിമാരുടെ അകമ്പടിയോടെ ആനയിക്കപ്പെട്ടു. മണവാട്ടിക്കായി ഒരുക്കപ്പെട്ട ഇരിപ്പിടത്തിൽ അവൾ ഉപവിഷ്ടയായി. സമ്മതം എന്ന ശബ്ദം ആ അധരത്തിൽ നിന്ന് അടർന്നുവീഴുന്നത് കാതോർത്തിരുന്നു രാജാവും രാജസദസ്സും. രാജസദസ്സിനെ ഞെട്ടിച്ചുകൊണ്ട് ആ തീരുമാനം പുറത്തുവന്നു. മരണത്തിന്റെ കരാള ഹസ്തത്തിൽ നിന്ന് എന്നെ കോരി എടുത്ത് ചങ്കോടു ചേർത്ത് പിടിച്ച ഒരു ഇടയചെറുക്കനുമായി ഞാൻ പ്രണയബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു. അവനെ പിരിഞ്ഞൊരു ജീവിതമെനിക്കില്ല. സ്തംഭിച്ചുപോയ രാജസദസ്സിനു പഞ്ചപുച്ഛമടക്കി മടങ്ങേണ്ടിവന്നു. എങ്ങനെയും അവളെ സ്വന്തമാക്കാനുള്ള നീക്കം രാജാവിന്റെ ഭാഗത്തുനിന്ന് തുടർന്നുകൊണ്ടേയിരുന്നു. ഒരിക്കൽ യെരുശലേം പുത്രിമാർ ശൂലേമിയോടു ചോദിച്ചു. സ്ത്രീകളിൽ അതിസുന്ദരിയായുള്ളോവേ, നിന്റെ പ്രിയനു മറ്റു പ്രിയന്മാരെക്കാൾ എന്തു വിശേഷതയുള്ളു. അവൾ ഇങ്ങനെ മറുപടി പറഞ്ഞു. "എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ, പതിനായിരംപേരിൽ അതിശ്രേഷ്ഠൻ തന്നെ. അവന്റെ ശിരസ്സു അതിവിശേഷമായ തങ്കം. അവന്റെ കുറുനിരകൾ ചുരുണ്ടും കാക്കയെപ്പോലെ കറുത്തും ഇരിക്കുന്നു. അവന്റെ കണ്ണ് നീർത്തോടുകളുടെ അരികത്തുള്ള പ്രാവുകൾക്കു തുല്യം". പ്രിയനെക്കുറിച്ച് പറയുമ്പോൾ ശൂലേമിക്ക്

ആയിരം നാവുകൾ. ഒരിക്കൽ ആകാശത്തിലേയ്ക്ക് നോക്കി അവൾ ഇങ്ങനെ വിളിച്ചു പറഞ്ഞു. "വടതിക്കാറ്റേ ഉണരുക തെന്നിക്കാറ്റേ വരിക എന്റെ പ്രിയന്റെ തോട്ടത്തിൽ നിന്ന് സുഗന്ധം വീശേണ്ടതിന് അതിന്മേൽ ഊതുക. എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ വന്ന് അതിലെ വിശിഷ്ടഫലം ഭുജിക്കട്ടെ. (ഉത്തമ:4:16)

ഇടയചെറുക്കൻ യേശുവിനേയും ശൂലേംക്കാരത്തി ദൈവസഭയെയും അഥവാ നമ്മെ ഓരോരുത്തരേയും പ്രതിനിധീകരിക്കുന്നു. ശലോമോൻ ലോകത്തിനു സാദൃശ്യം. യെരുശലേം പുത്രിമാർ ലോകത്തോടു നമ്മെ പിടിച്ച ടുപ്പിക്കുന്ന ജഡിക മോഹങ്ങളുമത്രേ. പൗലോസ് പറയുന്നു ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏൽപ്പിക്കുവാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. യെരുശലേം പുത്രിമാർ ചുറ്റും നിന്ന് പ്രിയനോടുള്ള അനുരാഗം കവർന്നാൽ നാം നമ്മുടെ ഇടയചെറുക്കനുമായുള്ള ഉടമ്പടിയിൽ നിന്ന് പിന്മാറുമോ? ഇല്ല... ഇല്ല... ഒരിക്കലുമില്ല. യെരുശലേം പുത്രിമാരുടെ മുഖത്തു നോക്കി പൗലോസിനോടു ചേർന്ന് നമുക്കും പറയാം മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റ് യാതൊരു സൃഷ്ടിക്കോ യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് എന്നെ വേർപിരിപ്പാൻ കഴിയുകയില്ല. പരിശുദ്ധാത്മാവിനെ കാറ്റിനോട് തിരുവെഴുത്തിൽ ഉപമിച്ചിരിക്കുന്നു. തോട്ടം ദൈവസഭയോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ആകയാൽ പരിശുദ്ധാത്മാവായ ദൈവത്തോടു നമുക്കു പറയാം വടതികാറ്റേ, തെന്നിക്കാറ്റേ വരിക എന്റെ പ്രിയന്റെ (യേശു) തോട്ടത്തിൽ സുഗന്ധം വീശേണ്ടതിന് അതിന്റെമേൽ ഊതുക. എന്റെ പ്രിയൻ വന്ന് വിശിഷ്ടഫലം ഭുജിക്കട്ടെ.

വചനത്തിന്റെ ശബ്ദം കേട്ട് ആജ്ഞ അനുസരിച്ച് വീരനായി നിൽക്കേണ്ട യോന അത്യുന്നതനായ ദൈവത്തിന്റെ ആജ്ഞ അവഗണിച്ച് അന്യദേശത്തേയ്ക്ക് യാത്രയാകുവാൻ പുറപ്പെട്ട് യാഫോവിലേയ്ക്ക് ചെന്ന്, തർശീശിലേയ്ക്ക് പോകുന്ന ഒരു കപ്പൽ കണ്ടു കൂലി കൊടുത്തു അതിൽ കയറി. എന്നാൽ യഹോവ സമുദ്രത്തിൽ ഒരു പെരുങ്കാറ്റ് അടുപ്പിച്ച് കപ്പൽ യാത്രക്കാർക്ക് എല്ലാം ദോഷം ഭവിക്കത്തക്ക നിലയിൽ പെരുങ്കാറ്റ് സമുദ്രത്തിൽ വീശി. യാത്രക്കാർ തങ്ങളുടെ ദേവന്മാരോട് നിലവിളിച്ചു. ഇതിനെല്ലാം മൂലകാരണം ഒരു ദൈവഭൃത്യന്റെ ലക്ഷ്യം തെറ്റിയുള്ള യാത്രയാണ്. ഒടുവിൽ കടലാനയുടെ വയറ്റിൽ കിടന്നു. യഥാസ്ഥാനപ്പെട്ട യോന നിനെവേയിലേക്ക് ചെന്ന് പ്രസംഗിച്ചു. ആ പട്ടണക്കാർ മുഴുവൻ മാനസാന്തരപ്പെട്ടു. ഈ പെരുങ്കാറ്റ് യോനയുടെ ജീവിതത്തിൽ ഒരു വഴിത്തിരിവിനു കാരണമായി ഭവിച്ചു. പെരുങ്കാറ്റിലൂടെ ദൈവം യോനയെ യഥാസ്ഥാനപ്പെടുത്തി. നമ്മുടെ ജീവിതത്തിൽ പെരുങ്കാറ്റിന്റെ അനുഭവം കടന്നുവരുന്നത് നമ്മെ നശിപ്പിക്കാനല്ല പ്രത്യുത ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന സ്ഥാനത്ത് നാം എത്തേണ്ടതിനുവേണ്ടിയാണ്. പെരുങ്കാറ്റിലൂടെ യോനയെ യഥാസ്ഥാനപ്പെടുത്തിയ ദൈവത്തിന്റെ സ്നേഹം എത്രയോ വലുത്.

"കൊടുംകാട്ടിലും തുണയായ് വരും
എന്നേശുനായകൻ എൻ ജീവദായകൻ
കൊടുങ്കാറ്റിലും തീയിലും
ഇറങ്ങിവരും എൻ "നൽനാഥനായ്" ✦



# നാം എഴുന്നേറ്റ് പണിയുക (2)

പാസ്റ്റർ മൈക്കിൾ ബാബു രാജ്

“എനിക്കു ലഭിച്ച ദൈവകൃപയ്ക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ള പ്രധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു. മറ്റൊരുത്തൻ മീതെ പണിയുന്നു. താൻ എങ്ങനെ പണിയുന്നുവെന്ന് ഓരോരുത്തൻ നോക്കിക്കൊള്ളട്ടെ. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനം അല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല” 1 കൊരി 3:10-11. പരിശുദ്ധാത്മാവ് പൗലോസിലൂടെ ദൈവരാജ്യത്തിന്റെ കെട്ടുപണിയ്ക്കായുള്ള നല്ലൊരു അടിസ്ഥാനം ഇട്ടിരിക്കുന്നു. ദൈവത്തിന്റെ വേലക്കാരായ നാം ദൈവഹിതപ്രകാരമുള്ള പണിയാണ് ചെയ്യേണ്ടത്. പർവ്വതത്തിൽ വച്ച് കാണിച്ച മാതൃക പ്രകാരം നീ സകലതും ചെയ്യുവാൻ നോക്കുക എന്ന് സമാഗമനകൂടാരം ഉണ്ടാക്കുവാൻ മോശ ആരംഭിക്കുമ്പോൾ ദൈവം കല്പിക്കുന്നു. എബ്രാ. 8:5. സമാഗമനകൂടാരവും അതിലെ പണികളും മോശയാണ് ചെയ്തതെങ്കിലും ദൈവത്തിന് അധിവസിക്കേണ്ട കൂടാരം, കൃപാസനം, കൂടാരത്തിലുള്ള മറ്റു ഉപകരണങ്ങൾ ദൈവം കാണിച്ച മാതൃക പ്രകാരം തന്നെ മോശ ചെയ്യിച്ചു. പണി പൂർത്തിയായപ്പോൾ യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറച്ചു. (പുറ. 40:35)

ദൈവകല്പന അനുസരിക്കാത്ത ജനത്തിന്റെ നടുവിൽ തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി നോഹ ഒരു പെട്ടകം പണിതു. ദൈവം കല്പിച്ചപ്രകാരം ഗോഫർ മരം കൊണ്ട് പെട്ടകം ഉണ്ടാക്കി. പെട്ടകത്തിന് അറകൾ ഉണ്ടാക്കി. അകത്തും പുറത്തും കീൽ തേയ്ച്ച് മൂന്നു തട്ടുകളായി അതിനെ ഉണ്ടാക്കി. നീളം വീതി എല്ലാം ദൈവം പറഞ്ഞതുപോലെ ചെയ്തു. (ഉല്പ 6:14-16). ശുദ്ധിയുള്ള മൃഗങ്ങളിൽനിന്നും ശുദ്ധിയില്ലാത്ത മൃഗങ്ങളിൽനിന്നും പറവകളിൽനിന്നും ഭൂമിയിലുള്ള ഇഴജാതികളിൽനിന്നും ദൈവം നോഹയോട് കല്പിച്ചതുപോലെ ഈരണ്ടീരണ്ട് ആണും പെണ്ണുമായി പെട്ടകത്തിൽ കടന്നു. നോഹയും കുടുംബവും പ്രവേശിച്ചു. യഹോവ പെട്ടകത്തിന്റെ വാതിൽ അടച്ചു പ്രവേശിച്ചവർ രക്ഷ പ്രാപിച്ചു. അല്ലാത്തതെല്ലാം നശിച്ചു.

ദൈവഹിതപ്രകാരമുള്ള പണി ദൈവം കല്പിക്കുന്നതുപോലെ ആയിരിക്കണം. കൂട്ടുവാനും കുറയ്ക്കുവാനും പാടില്ല. ഈ പ്രവചന പുസ്തകത്തിൽനിന്ന് വല്ലതും നീക്കികളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും ദൈവനഗരത്തിലും അവനുള്ള അംശം നീക്കിക്കളയും. വല്ലതും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന് വരുത്തും (വെളി. 22;18-19). പിന്നെ ദണ്ഡുപോലെയുള്ള ഒരു കോൽ എന്റെ കൈയ്യിൽ കിട്ടി കല്പന ലഭിച്ചത്: നീ എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക വെളി 11:1. ദേവാലയത്തെയും, യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുവാൻ ദൈവം ഒരു കോൽ യോഹന്നാനു കൊടുത്തു. കോലിന്റെ പ്രത്യേകത നീളം കൂട്ടുവാനോ കുറയ്ക്കുവാനോ കഴികയില്ല. ഇതിന്റെ സാരം ദൈവഹിത പ്രകാരം ചെയ്യേണ്ടതെല്ലാം അവനവന്റെ അളവുകോൽ വച്ചല്ല ദൈവവചനമാകുന്ന

കോലിന്റെ അളവിന് ഒത്തവണ്ണം ആയിരിക്കണമെന്നതാണ്. ആദ്യമായി ആലയത്തെ അളക്കണം. നാം ജീവനുള്ള ദൈവത്തിന്റെ ആലയം ആയിരിക്കണം. ഈ ആലയത്തിൽ വസിക്കേണ്ടത് ജഡസ്വഭാവങ്ങൾ അല്ല. ആത്മസ്വഭാവം ആയിരിക്കണം. ജഡത്തെ അതിന്റെ രാഗമോഹങ്ങളോട് ക്രൂശിക്കണം. രണ്ടാമതായി സാക്ഷാൽ യാഗപീഠമായിരിക്കുന്ന ക്രിസ്തുവിലുള്ള രക്ഷയാണോ നാം ഓരോരുത്തരും പ്രാപിച്ചിരിക്കുന്നത്? കാൽവരിയിൽ നമുക്കായി യാഗമായി തീർന്ന യേശു മാനവജാതിക്കു രക്ഷയായി തീർന്നു. മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല. അപ്പൊ. 4:12. ക്രൂശിൽ നമുക്കുവേണ്ടി യാഗമായി തീർന്ന യേശുവിലൂടെയുള്ള രക്ഷ നാം ഏവരും പ്രാപിച്ചിരിക്കണം. അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാനുള്ള അവകാശം ദൈവം നൽകി. മൂന്നാമതായി അതിൽ നമസ്കരിക്കുന്നവരെ അളക്കുക. സത്യ നമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം എന്ന് യേശു ശമര്യക്കാരത്തിയോട് പറഞ്ഞു. ദൈവത്തെ ആരാധിക്കുന്നവർ സ്ഥലത്തിനല്ല പ്രാധാന്യം കൊടുക്കേണ്ടത്; പിന്നെയോ ദൈവവചനപ്രകാരം പരിശുദ്ധാത്മാവിൽ നിറഞ്ഞുള്ള ആരാധനയ്ക്കായിരിക്കണം പ്രാധാന്യം കൊടുക്കേണ്ടത്.

ദൈവജനം ദൈവവചനപ്രകാരം ജീവനുള്ള ദൈവത്തിന്റെ ആലയങ്ങളായി ആത്മാവിലും സത്യത്തിലും ആരാധിച്ചു ദൈവകല്പനകൾ അനുസരിച്ച് വിശുദ്ധിയോടും നിർമ്മലതയോടും ജീവിച്ച് നിത്യതയ്ക്കൊരുങ്ങുവാൻ സർവ്വകൃപാലുവായ ദൈവം സഹായിക്കട്ടെ. *(തുടരും)*


## DOOTHAN PRAYER CELL

## ദൂതൻ പ്രയർ സെൽ

**നിങ്ങളുടെ ഏതു പ്രശ്നങ്ങൾക്കും പരിഹാരം**
**നൽകുവാൻ കർത്താവായ യേശുക്രിസ്തുവിനു**
**മാത്രമേ കഴിയുകയുള്ളൂ.**
**ദൈവസഭാ ദൂതൻ പ്രയർ സെൽ**
**നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ്.**

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ**
**താഴെക്കാണുന്ന വിലാസത്തിൽ അറിയിക്കുക.**

**Send your prayer request in the following address:**

***DOOTHAN PRAYER CELL***

**CRA-67, Chakungal Road**

**Palarivattom, Kochi - 682 025**

**E-mail:padipurakkal@yahoo.co.uk**

**Ph: 92497 20378**



# മുഖം വാടിയവർ

പൊടിയമ്മ തോമസ്

**ജീ**വിതത്തിൽ പ്രശ്നങ്ങളും, പ്രതികൂലങ്ങളും നേരിടുമ്പോൾ മുഖത്തു മ്ലാനത അഥവാ വാടിയ മുഖം സാധാരണ കാണാറുണ്ട്. അങ്ങനെയുള്ള ചിലരെക്കുറിച്ചു നമുക്കു ചിന്തിക്കാം.

**1. കയീൻ**

ആദാം ഹവ്വമാരെ യഹോവയായ ദൈവം ഏദെൻതോട്ടത്തിൽനിന്നും പുറത്താക്കി. കാരണം ദൈവകല്പന ലംഘിച്ച് അവർ പാപം ചെയ്തതിന്റെ ഫലമായാണ് അവരുടെ ആദ്യജാതൻ കയീനും, രണ്ടാമത്തവൻ ഹാബേലും ആയിരുന്നു. കയീൻ കൃഷിക്കാരനും, ഹാബേൽ ആട്ടിടയനും ആയിരുന്നു. ഒരേ മാതാപിതാക്കളുടെ ഉപദേശം കേട്ട് ഒരേ വീട്ടിൽ താമസിച്ചവരാണ്. എന്നാൽ വിവിധ സ്വഭാവക്കാരായിരുന്നു. കുറേ കാലം കഴിഞ്ഞു കയിൻ തന്റെ കൃഷിയുടെ അനുഭവത്തിൽനിന്ന് ഒരു വഴിപാട് അർപ്പിച്ചു. ഹാബേലും ആട്ടിൻകൂട്ടത്തിൽനിന്നും അവയുടെ മേദസ്സിൽനിന്നും ഒരു വഴിപാട് അർപ്പിച്ചു. ഹാബേലിലും അവന്റെ വഴിപാടിലും യഹോവ പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും യഹോവ പ്രസാദിച്ചില്ല. കയീന് ഏറ്റവും കോപം ഉണ്ടായി. അവന്റെ മുഖം വാടി (ഉല്പ. 4:6). യഹോവ അവനോടു നീ കോപിക്കുന്നതെന്ത്? നിന്റെ മുഖം വാടുന്നതുമെന്ത്? നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദം ഉണ്ടാകയില്ലയോ?

പ്രിയ സഹോദരിമാരെ, നമ്മുടെ ജീവിതത്തിൽ നന്മ ചെയ്യുന്നുവെങ്കിൽ ദൈവപ്രസാദമുണ്ടാകും. നാം ചെയ്യുന്നതു വ്യവസ്ഥപ്രകാരമല്ലെങ്കിൽ ഒന്നും പ്രാപിക്കാൻ സാധ്യമല്ല. മറ്റുള്ളവർ നന്മ ചെയ്തു ദൈവപ്രസാദം പ്രാപിക്കുമ്പോൾ നാം അസൂയപ്പെടരുത്. അസൂയ അസ്ഥികൾക്കു ദ്രവത്വം. അസൂയയും വൈരാഗ്യവുമാണ് എല്ലാ തിന്മയ്ക്കും കാരണം. അതു വിട്ടൊഴിഞ്ഞു ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നവിധം പ്രവർത്തിച്ചു അനുഗ്രഹം നേടാം.

കയീന്റെ കോപം മൂർദ്ധന്യാവസ്ഥയിലായി. ഹാബേലിനെ വയലിലേക്കു വിളിച്ചുകൊണ്ടു പോയി. അവിടെവെച്ചു കയർത്ത് അവനെ കൊന്നു. അങ്ങനെ ആദ്യത്തെ കൊലപാതകം നടക്കുവാനിടയായി. എത്ര ദാരുണ സംഭവം ഹാബേലിന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽനിന്നും എന്നോടു നിലവിളിക്കുന്നു എന്നു യഹോവ കയീനോടു പറഞ്ഞു. ഈ ദേശം വിട്ടു ശാപഗ്രസ്തനായി പോകണം. നീ ഉഴലുന്നവനാകും. കയീൻ തന്റെ തെറ്റു മനസ്സിലാക്കി. ആരെങ്കിലും എന്നെ കണ്ടാൽ കൊല്ലും. എന്റെ തെറ്റു പൊറുപ്പാൻ കഴിയുന്നതിലുമധികമാകുന്നു. യഹോവ അവന്റെ അപേക്ഷ കേട്ട് ആരെങ്കിലും അവനെ കണ്ടാൽ കൊല്ലാതിരിക്കാൻ ഒരു അടയാളംവെച്ചു. ദൈവം അവന്റെ തെറ്റ് ക്ഷമിച്ചുകൊടുത്തു. അവന്റെ വാടിയ മുഖം മാറി. അവൻ ഏദെനു കിഴക്കു നോദ് ദേശത്തു ചെന്നു പാർത്തു. അവന്റെ മകന്റെ പേരിൽ ഒരു പട്ടണവും പണിതു.

കർത്താവായ യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കായി യാഗമായിത്തീർന്നതുകൊണ്ടു നമുക്ക് അവനെ പ്രസാദിപ്പിക്കുവാൻ ഒരു യാഗവും കഴിക്കേണ്ട ആവശ്യമില്ല. നമ്മുടെ പാപങ്ങൾക്കുവേണ്ടി ഒരു കാളയെയോ, ആടിനെയോ യാഗം അർപ്പിക്കണ

മായിരുന്നുവെങ്കിൽ അതു ചെയ്‌വാൻ ആർക്കു കഴിയും? ദാവീദു പറയുന്നു. ഹനനയാഗം നീ ഇച്ഛിക്കുന്നില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ് തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ നീ നിരസിക്കയില്ല (സങ്കീ. 51:16,17).

## 2. നെഹമ്യാവ്

ശൂശൻ രാജധാനിയിൽ അർത്ഥഹ്ശഷ്ട രാജാവിന്റെ കൊട്ടാരത്തിൽ പാനപാത്രവാഹകനായിരുന്നു നെഹമ്യാവ്. അങ്ങനെ കഴിയുമ്പോൾ തന്റെ സഹാദരന്മാരായ ഹനാനിയും യഹൂദ്യയിൽനിന്നും ചില പുരുഷന്മാരും വന്നു. നെഹമ്യാവ് അവരോടു പ്രവാസത്തിൽനിന്നും തെറ്റി ഒഴിഞ്ഞുപോയ യഹൂദന്മാരെക്കുറിച്ചും, യരൂശലേമിനെക്കുറിച്ചും ചോദിച്ചു. അവർ ആ സംസ്ഥാനത്തു മഹാകഷ്ടത്തിലും, അപമാനത്തിലും ഇരിക്കുന്നു. യരൂശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കുന്നു (നെഹ. 1:2-4). ഇതറിഞ്ഞപ്പോൾ നെഹമ്യാവു ദുഃഖിച്ചും, ഉപവസിച്ചുംകൊണ്ടു ദൈവത്തോടു പ്രാർത്ഥിച്ചു. അവരുടെ തെറ്റുകൾ ഏറ്റുപറഞ്ഞു (1:5). തന്റെ പിതൃഭവനത്തിന്റെയും തെറ്റുകളെല്ലാം ക്ഷമിക്കണമേ എന്നുള്ളതായിരുന്നു പ്രാർത്ഥന. ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ. മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു (സങ്കീ. 34:8).

പ്രിയരെ, നമ്മുടെ അപമാനങ്ങളും, കഷ്ടങ്ങളും നമ്മുടേതായി ഏറ്റെടുത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ചുമതല നമുക്കുണ്ട്. അതു നാം ചെയ്യേണ്ടതാണ്. നെഹമ്യാവിന്റ മദ്ധ്യസ്ഥപ്രാർത്ഥനയാണ് ഇവിടെ ദർശിക്കാൻ സാധിക്കുന്നത്. ഒരിക്കൽ രാജാവിനു വീഞ്ഞു പകർന്നു കൊടുത്തപ്പോൾ രാജാവു ചോദിക്കയാണ്. നിന്റെ മുഖം വാടിയിരിക്കുന്നതെന്ത്? നിനക്കു ദീനമൊന്നുമില്ലല്ലോ. ഇതു മനോദുഃഖമല്ലാതെ മറ്റൊന്നുമല്ല (2:2). അങ്ങനെ അവന്റെ സങ്കടങ്ങൾ പറയുവാനുള്ള അവസരം അവനു ലഭിച്ചു. വിവരങ്ങളെല്ലാം ബോധിപ്പിച്ചു. എന്റെ പിതാക്കന്മാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതിരിക്കുന്നതെങ്ങനെ? എന്നു പറയുവാനിടയായി നിന്റെ അപേക്ഷ എന്തെന്ന് ആരാഞ്ഞു. അതു പണിയേണ്ടതിനു അയക്കേണമെ എന്ന് അപേക്ഷിച്ചു. രാജാവ് അത് അനുവദിക്കുന്നതായി കാണുന്നു. ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ പറയുന്നു: "രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടു കണക്കെ ഇരിക്കുന്നു. തനിക്ക് ഇഷ്ടമുള്ളേടത്തൊക്കെയും അവൻ അതിനെ തിരിക്കുന്നു" (സദൃ. 21:1). രാജാവിനോട് അവനു പോകുന്നതിനും, അവിടേക്കു കടത്തിവിടുന്നതിനും ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നതിനും എഴുത്തുകൾ നല്കേണമെ എന്നപേക്ഷിച്ചു. ദൈവത്തിന്റെ കൈ അനുകൂലമായിരുന്നതിനാൽ അതെല്ലാം ലഭിക്കാനിടയായി. അവിടെ ചെന്നു പണി ആരംഭിച്ചു. സൻബെല്ലത്തും, തോബിയാവും അവർക്കെതിരെ ആയിരുന്നു (2:11). എന്നാൽ നെഹമ്യാവും കൂട്ടരും നാം എഴുന്നേറ്റു പണിയുക എന്നു പറഞ്ഞ് ആ നല്ല പ്രവർത്തിക്കായി അന്യോന്യം ധൈര്യപ്പെടുത്തി. അവർ മതിൽ പണിതു. നിശ്ചിത സമയത്തുതന്നെ പൂർത്തിയാക്കുവാനിടയായി. ദൈവിക കാര്യങ്ങൾക്കുവേണ്ടി നാം ആത്മാർത്ഥതയോടെ പ്രവർത്തിച്ചാൽ ശത്രുമുമ്പാകെ മേശ ഒരുക്കുന്നവനാണു നമ്മുടെ കർത്താവ്. നെഹമ്യാവിന്റെ വാടിയ മുഖം പ്രസന്നമായി. അവൻ സന്തോഷിച്ചു.

## 3. ഹന്ന

എല്ക്കാനയുടെ ഭാര്യമാരായിരുന്നു പെനിന്നയും ഹന്നയും. ഹന്നക്കു മക്കളില്ലായിരുന്നു. അവളുടെ പ്രതിയോഗിയായ പെനിന്ന അവളെ മുഷിപ്പിച്ചു. അതുകൊണ്ട് അവൾ കരഞ്ഞു പട്ടിണി കിടന്നു (1 ശമു. 1:7). ആണ്ടുതോറും അവൾ ശീലോവിൽ ആലയത്തിലേക്കു പോക പതിവായിരുന്നു.



# കാത്തിരിക്കുകയാണോ?

മേരി ഷൈല കന്യാകുമാരി

**എ**വിടെ നോക്കിയാലും ഇന്ന് അത്ഭുതങ്ങൾ വളരെയധികം പ്രവർത്തിക്കുന്ന മനുഷ്യദൈവങ്ങളെയും വിഗ്രഹ സമുച്ചയങ്ങളെയും നമക്കു കാണുവാൻ സാധിക്കും. നാം അറിയാതെ ചിന്തിച്ചു പോകും, ഇതെല്ലാം സത്യമാണോ എന്ന്. പലവിധമായ അത്ഭുത പ്രവർത്തികളിലൂടെ മനുഷ്യരെ തങ്ങളുടെ അനുയായികളാക്കി മാറ്റുവാൻ ഇവർക്കു കഴിഞ്ഞേക്കാം. എന്നാൽ തങ്ങളുടെ അടുക്കൽ വരുന്ന ജനത്തിന്റെ ആത്മാവ് നശിച്ചു പോകാതെ നിത്യജീവങ്കലേക്കു വഴിനടത്തുവാൻ അവരാൽ സാദ്ധ്യമല്ല.

മനുഷ്യദൈവങ്ങളെ വിശ്വസിച്ച് അവരുടെ പ്രവർത്തിക്കായി കാത്തിരുന്ന പലരും നിരാശരായി തങ്ങളുടെ ജീവൻ ഒടുക്കുവാൻ പോലും തയ്യാറായി. എന്നാൽ തന്നെ കാത്തിരിക്കുന്നവർക്കുവേണ്ടി പ്രവർത്തിക്കുവാൻ നമ്മുടെ ദൈവത്തിനല്ലാതെ ആർക്കാണു കഴിയുക? “നീയല്ലാതെ ഒരു ദൈവം തന്നെ കാത്തിരിക്കുന്നവനുവേണ്ടി പ്രവർത്തിക്കുന്നതു പണ്ടു മുതൽ ആരും കേട്ടിട്ടില്ല. ഗ്രഹിച്ചിട്ടില്ല. കണ്ണുകൊണ്ടു കണ്ടിട്ടുമില്ല” യെശ. 64:4. നാം കാത്തിരുന്നാൽ ദൈവം നമുക്കുവേണ്ടി പ്രവർത്തിക്കും എന്നുള്ളത് എത്ര ആശാജനകമായ വചനമാണ്.

ദൈവത്തെ കാത്തിരുന്നാൽ ഒരു ദൈവ പ്രവർത്തി കാണുവാൻ സാധിക്കും എന്ന ഉറപ്പാണു നമ്മുടെ പൂർവ്വപിതാക്കളെ അവർ കടന്നുവന്ന പ്രതികൂല സാഹചര്യങ്ങളിലും ധൈര്യത്തോടെ നിലനിർത്തിയത്.

---

അപ്പോഴെല്ലാം അവളുടെ പ്രതിയോഗി അവളെ മുഷിപ്പിച്ചിരുന്നു. ഒരു പ്രാവശ്യം ആലയത്തിൽ ചെന്നു മനോവ്യസനത്തോടെ പ്രാർത്ഥിച്ചു (1:10) വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു. അടിയന്റെ സങ്കടം നോക്കി ഒരു മകനെ നൽകിയാൽ അവനെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും എന്നു പ്രതിജ്ഞ ചെയ്‌വാൻ അവൾക്കിടയായി. അവളുടെ ഹൃദയം പകർന്നുള്ള പ്രാർത്ഥന. ഹൃദയം നുറുങ്ങിയുള്ള അവളുടെ പ്രാർത്ഥന ദൈവം കേട്ടു. ശമുവേൽ എന്ന കുഞ്ഞിനെ നൽകി. പ്രതിയോഗിയുടെ മുമ്പിൽ മാനിക്കപ്പെടുവാനിടയായി. അവളുടെ മുഖം പിന്നെ വാടിയതുമില്ല (1:8). അവളുടെ ദുഃഖവും, നിരാശയുമെല്ലാം സന്തോഷമായി മാറി. മകനെ ദൈവാലയത്തിലെ ശുശ്രൂഷയ്ക്കായി പുരോഹിതനായ ഏലിയെ ഏല്പിച്ചു. അവൻ യിസ്രായേലിനു പ്രവാചകനും, ന്യായാധിപനുമായിത്തീർന്നു.

2-ാം അദ്ധ്യായത്തിൽ ഹന്നായുടെ പ്രാർത്ഥന നമുക്കു കാണാൻ കഴിയും. ദൈവത്തിൽ ആനന്ദിച്ചു സ്തുതി അർപ്പിക്കുന്നു. അവൾ ഒരു മകനെ ദൈവത്തിനു സമർപ്പിച്ചപ്പോൾ ദൈവം അവൾക്കു അഞ്ചു മക്കളെ നൽകി മാനിച്ചു.

പ്രിയ സഹോദരിമാരേ ഹന്നയെപ്പോലെ നമുക്കു ലഭിക്കുന്നതു ദൈവനാമമഹത്വത്തിനുവേണ്ടി ചെലവഴിക്കാം. ഓരോ പ്രശ്നങ്ങളാൽ വാടിയിരുന്ന മുഖങ്ങളെല്ലാം പ്രകാശമാനമായിത്തീരാൻ ഇടയായല്ലോ. നമുക്കും അവനിൽതന്നെ ആശ്രയിച്ചു മുമ്പോട്ടുപോകാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ. ✦

ഇൗയ്യോബ് എന്ന ഭക്തൻ പറയുകയാണ് “അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും” ഈയ്യോ. 13:15. തന്റെ നഷ്ടങ്ങൾ, വേദനകൾ, നിന്ദകൾ ഇവയിലൊന്നും ഈയ്യോബ് ശ്രദ്ധവെക്കാതെ ദൈവത്തിനുവേണ്ടി കാത്തിരുന്നു. ഭാര്യ കൂടെ അവന്റെ കാത്തിരിപ്പിന് എതിരായിരുന്നു. ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചു കളയുവാനും അവൾ ആവശ്യപ്പെട്ടു. എന്നാൽ താൻ കാത്തിരിക്കുന്ന ദൈവം തനിക്കുവേണ്ടി പ്രവർത്തിക്കും എന്ന ഉറപ്പ് ഈയ്യോബിനുണ്ടായിരുന്നു. അവന്റെ പ്രത്യാശപോലെ തന്നെ ആ ദൈവത്തിന്റെ പ്രവർത്തി അവൻ കണ്ടു. “ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമെ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു” ഈയ്യോ. 42:5.

ദൈവം തന്നെ കാത്തിരിക്കുന്നവർക്കു വേണ്ടി പ്രവർത്തിച്ചതു പലതും നാം കേട്ടിട്ടുണ്ട്, ഗ്രഹിച്ചിട്ടുണ്ട്, കണ്ണുകൊണ്ടു കണ്ടിട്ടുമുണ്ട്. ഇന്നും ദൈവത്തിന്റെ പ്രവർത്തികൾ തുടർന്നുകൊണ്ടിരിക്കയാണ്. അതിനെക്കുറിച്ചുള്ള കേട്ടുകേൾവി പലരെയും ദൈവത്തിന്റെ സന്നിധിയിലേക്കു കൂട്ടിച്ചേർക്കുവാനിടയായിത്തീരുന്നു. കാത്തിരിക്കുന്നവർക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു ദൈവം ഉണ്ട് എന്ന സത്യം അരാം രാജാവിന്റെ സേനാപതിയായ നയമാൻ അറിയുവാനിടയായിത്തീർന്നത്, യിസ്രായേൽ ദേശത്തുനിന്ന് അടിമയായി പിടിച്ചുകൊണ്ടുപോയ ഒരു പെൺകുട്ടിയിൽനിന്നായിരുന്നു. തന്റെ കുഷ്ഠരോഗത്തിൽനിന്ന് ഒരു വിടുതലിനുവേണ്ടി നയമാൻ ദൈവത്തെ തേടി യിസ്രായേലിൽ പ്രവാചകന്റെ അടുക്കൽ ചെന്നു. തന്നെ കാത്തിരിക്കുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന ദൈവം അവനുവേണ്ടി പ്രവർത്തിച്ചു. കുഷ്ഠരോഗത്തിൽനിന്നു പൂർണ്ണ വിടുതൽ പ്രാപിച്ച നയമാൻ ഇപ്രകാരം പറഞ്ഞു, “യിസ്രായേലിൽ അല്ലാതെ ഭൂമിയിൽ എങ്ങും ഒരു ദൈവം ഇല്ല എന്ന് ഞാൻ ഇപ്പോൾ അറിയുന്നു. 2 രാജാ. 5:15.

തന്നെ കാത്തിരിക്കുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റൊരു ദൈവവും ഇല്ല എന്നു ദൈവത്തെ അറിയാത്ത ജനങ്ങൾ കൂടെ സാക്ഷ്യം പറയത്തക്ക വിധത്തിൽ ദൈവം തന്റെ മക്കൾക്കുവേണ്ടി പ്രവർത്തിക്കുന്നു. ശദ്രക്, മേശക്, അബേദ്നെഗോ എന്ന മൂന്നു പുരുഷന്മാർ, നെബൂഖദ്നേസർ രാജാവ് പ്രതിഷ്ഠിച്ച ബിംബത്തെ വണങ്ങാത്തതിനാൽ ബന്ധിക്കപ്പെട്ടവരായി എരിയുന്ന തീച്ചൂളയിലേക്ക് ഇടപെട്ടു. അതുവരെ അവർ കാത്തിരുന്ന ദൈവം തീച്ചൂളയിൽ നാലാമനായി ഇറങ്ങിവന്ന് അവരെ വിടുവിച്ചു. ദൈവത്തെക്കുറിച്ചുള്ള കേൾവി മാത്രം ഉണ്ടായിരുന്ന ആ പുരുഷന്മാർ തങ്ങളുടെ പ്രതികൂലത്തിൽ ദൈവത്തെ കാണുവാനിടയായി. ദൈവത്തിന്റെ പ്രവർത്തിയെ കണ്ട നെബൂഖദ്നേസർ രാജാവ് ഇപ്രകാരം പറയുവാനിടയായിത്തീർന്നു. “ഈവിധത്തിൽ വിടുവിപ്പാൻ കഴിയുന്ന മറ്റൊരു ദൈവവും ഇല്ല” ദാനി. 3:29.

അതെ പ്രിയ സഹോദരങ്ങളെ നമ്മുടെ ദൈവത്തെപ്പോലെ കാത്തിരിക്കുന്നവർക്കു വേണ്ടി പ്രവർത്തിക്കുന്ന മറ്റൊരു ദൈവമില്ല. നാം എല്ലാവരും തന്നെ ദൈവത്തിനുവേണ്ടി ദിവസവും കാത്തിരിക്കാറുണ്ട്. “രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു” സങ്കീ. 5:3. ദാവീദ് രാജാവും അനുദിനവും ദൈവത്തിനുവേണ്ടി കാത്തിരുന്നു. എന്നാൽ നമ്മുടെ കർത്താവ് തക്കസമയത്ത് നമുക്കു വേണ്ടി പ്രവർത്തിക്കും. “തന്നെ കാത്തിരിക്കുന്നവർക്കു യഹോവ നല്ലവൻ” വിലാ. 3:25. ഏതു പ്രതികൂലത്തിലും പതറിപ്പോകാതെ ദൈവപ്രവർത്തിക്കായി കാത്തിരുന്നാൽ, നമ്മുടെ കണ്ണുകൊണ്ടു തന്നെ ദൈവ പ്രവർത്തി കാണുവാൻ സാധിക്കും. നിങ്ങൾ ആ ദൈവപ്രവർത്തിക്കായി കാത്തിരിക്കയാണോ? നിരാശപ്പെടേണ്ടിവരില്ല. ✦



# ഒരു ഭ്രാന്തിയുടെ സുവിശേഷം

തലസ്ഥാന നഗരിയുടെ കിഴക്ക് പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന ഒരു മലയോര നഗരം. പച്ചപട്ടുപുതച്ചു നിൽക്കുന്ന ആ സ്ഥലത്തിന്റെ പേരിനൊപ്പം പച്ച എന്ന് കൂടി കൂട്ടി ചേർക്കപ്പെട്ടത് കേവലം യാദൃശ്ചികം അല്ലാതിരിക്കാനാണു സാധ്യത. വെറും പാലോട് എന്നല്ല പച്ച പാലോട് എന്നാണ് ആ സ്ഥലത്തിന്റെ പേര്. പേര് അന്വർത്ഥമാക്കുംവിധം പ്രകൃതി കനിഞ്ഞു നൽകിയ വരദാനങ്ങളുടെ നിറവിൽ തലയുയർത്തി നിൽക്കുകയാണ് ആ ചെറിയ പട്ടണം. തിരുവനന്തപുരത്തേയ്ക്കുള്ള ഒരു യാത്രയിൽ പാലോട് ബസ് കാത്തു നിൽക്കുകയായിരുന്നു ഞങ്ങൾ. തിരുവനന്തപുരം എന്ന ബോർഡ് വെച്ചു വന്ന കെ. എസ്. ആർ. ടി. സി. ബസിൽ കയറുവാൻ യാത്രക്കാർ അധികമായിരുന്നു. ആ തിരക്കുള്ള ബസിൽ ഞങ്ങളും ഒരുവിധത്തിൽ കയറിപ്പറ്റി. ജനം തിങ്ങിനിറഞ്ഞു നിൽക്കുന്ന ബസ്സിനുള്ളിൽ ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ഭ്രാന്തിയായ ഒരു സ്ത്രീ കയറിവന്നു. അവരുടെ ശരീരത്തിന്റെ സ്പർശനം ഏൽ ക്കാതെ എല്ലാവരും ഒഴിഞ്ഞുമാറി. വല്ലാത്ത ദുർഗന്ധം വമിച്ചതിനാൽ ചിലർ മൂക്കത്തു കൈവച്ചു. വണ്ടിയിൽനിന്ന് ഇറങ്ങുവാൻ കണ്ടക്ടർ നിർദേശിച്ചുവെങ്കിലും അവൾ അത് കൂട്ടാക്കാതെ ജനത്തിന്റെ ഇടയിലൂടെ നുഴഞ്ഞു കയറി ഡ്രൈവറുടെ അരികിലെത്തി. ഇതിനിടയിൽ അവൾ എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായി മാറിക്കഴിഞ്ഞിരുന്നു. ബസ്സിന്റെ മുമ്പിലെത്തിയ അവൾ ജനത്തിന് അഭിമുഖമായി തിരിഞ്ഞു വല്ലാതെ അധരചർവ്വണം നടത്തിക്കൊണ്ടിരുന്നു. അവളുടെ സംസാരം മറ്റൊരു മേഖലയിലേയ്ക്ക് ഇരച്ചുകയറി. അത് കേവലം പുലമ്പലുകൾ മാത്രമായിരുന്നില്ല. അവളുടെ വാക്കുകൾ കാ ണുക. ജയമാല, ജയമാല (കന്നട സിനിമാ നടി) അവൾ അയ്യപ്പനെ തൊട്ടത് അയ്യപ്പന് ഇഷ്ടപ്പെട്ടില്ല. ഇത് പലതവണകൾ ആവർ ത്തിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിലെ പ്രധാന വാർത്തയായിരുന്നു കന്നട സിനിമാ നടി ജയമാല ശബരിമലയിൽ എത്തി അയ്യപ്പനെ തൊട്ടു എന്നുള്ളത്. തൊട്ടു, തൊട്ടില്ല എന്ന വാദപ്രതിവാദങ്ങൾ മീഡിയക്കാർ ഉത്സവമാക്കിയിരുന്നതിനാൽ കേട്ടവർ ക്കെല്ലാം വേഗത്തിൽ സംഗതി പിടികിട്ടി. പക്ഷെ ഞങ്ങളെ വിസ്മയിപ്പിച്ചത് അതല്ലായിരുന്നു അവളുടെ സംഭാഷണം മറ്റൊരു ദിശയിലേയ്ക്ക് വഴി മാറി. അതിങ്ങനെയായിരുന്നു "അയ്യപ്പനെ തൊട്ടത് അയാൾക്ക് ഇഷ്ടപ്പെട്ടില്ല. എന്നാൽ പന്ത്രണ്ട് വർഷം രക്തസ്രാവമുള്ള ഒരു സ്ത്രീ യേശുവിനെ തൊട്ടു. തൊട്ടതുകൊണ്ട് അവൾ സൗഖ്യമായി. ആർക്കുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും എന്റെ യേശുവിനെ തൊടാം. അവൻ ആരെയും വഴക്കുപറയുകയില്ല, പിണങ്ങുകയുമില്ല. മനുഷ്യരുടെ സ്പർശനം കൊണ്ട് അശുദ്ധനാകുന്നവനല്ല ഈ യേശു. യേശു പാപികളെ രക്ഷിക്കുന്നു, യേശു രോഗികളെ സൗഖ്യമാക്കുന്നു. ആർക്കുവേണമെങ്കിലും അവനെ തൊടാം, ആർക്കുവേണമെങ്കിലും എന്നു പുലമ്പികൊണ്ട് അവൾ ബസ്സിന്റെ പുറകിലേയ്ക്ക് നടന്നു നീങ്ങി. അടുത്ത സ്റ്റോപ്പിൽ അവൾ ഇറങ്ങുമ്പോൾ എല്ലാ കണ്ണുകളും അവളിൽ പതിഞ്ഞിരുന്നു. നിഗമനം ശരിയാണോ എന്നറിയില്ല. പിന്നാലെ വരുന്ന ബസ്സിൽ കയറി യേശുവിന്റെ സാക്ഷിയാകുവാനുള്ള ഭാവം ആ മുഖത്ത് നിഴലിച്ചിരുന്നു. ഈ സംഭവം ഒരു അവിശ്വസനീയമായി തോന്നാം. എന്നാൽ ഇത് സത്യസന്ധമായ ഒരു സാക്ഷ്യപ്പെടുത്തലാണ്. സുബോധമുള്ളവർ കാഴ്ചക്കാരായി നിൽക്കുമ്പോൾ സുബോധം നഷ്ടപ്പെട്ടവൾ യേശുവിന്റെ സാക്ഷ്യയായി. വിശ്വസ്തർ അവിശ്വസ്തരായി തീരുമ്പോൾ അവൻ വിശ്വസ്തന്മാരെ പുറത്തു കൊണ്ടുവരും.

(TLS)



# Never Abandon Your Ship

**Preethi Jessica**

I'd like to share an incident that happened about two years ago that encouraged me to write this article. In October 2012, there was a cyclone called Nilam that ravaged the cities of Chennai, in Tamil Nadu, the coastal areas of Andhra Pradesh in India and some parts of Sri Lanka. The storm became fierce and was moving towards the land. When it was about to make a landfall, the ships that were afloat were asked to get as far as possible from land so that they can be saved from the strong winds. One of the ships that were in the sea at this time was MT Pratibha Cauvery. It couldn't get as far as they were instructed to on time and so the crew was asked to stay aboard while the government promised to send help once the coast was clear. However, some of the crew members feared that the ship would sink and so they tried to save their lives by abandoning the ship using the life boats.

Their decision was fatal because all of them drowned in the fierce sea. Whereas, those who were determined to stay on board despite the raging storm, were airlifted by the helicopters which were sent to rescue them. Only a few stayed on board as they had decided to follow the instructions.

There were hundreds of people who gathered on the shore to mourn their death. Whilst we feel sorry for their loss, there is a lesson we need to learn from this incident. Often, we find ourselves in a similar situation. There might be storms on our journey to eternal life. During such times, we need to ask God what we should be doing and follow His instructions. Never once should we think of abandoning the ship (God) and find a means of escape. There might be a deadly storm outside and nothing might seem to help, but if your God asks you to stay calm, there's nothing better you could do to save yourself.

It was He who sent out the storm and it is in Him that your solution lies. Therefore, catch hold of Him and don't let go until He gives you peace. We can see a similar situation in the bible, too. I hope you are familiar with this guy who built an ark according to the blueprint given by God though the rest of the world was making fun of him. Yeah, you got it right. I'm talking

about Noah. Come with me to see Noah in his ark.

How could it have been inside Noah's ark? There were animals of all kinds. The noise would have been unbearable and I wonder how they managed to stay inside for months on end. There was no fresh air to breathe for many months and the place wasn't clean. Yet, if there was one place where they could have stayed safe, it was the ark. Getting out of the ship meant death and it would have wiped out all of human kind from earth. So, Noah and his family stayed inside the ship, in spite of the unbearable situation.

After many months, they checked to see if the flood had drained. Much to their happiness, they found that there was no water on the first day of the first month. **Genesis 8:13** says, **"By the first day of the first month of Noah's six hundred and first year, the water had dried up from the earth. Noah then removed the covering from the ark and saw that the surface of the ground was dry."**

However, they stayed inside because they hadn't heard from God yet. Though they would not have lost their lives if they had stepped out because there was no flood, they didn't do it because the Lord had not instructed them yet. The Lord knew that the water had drained, too but He was quiet.

"**By the twenty-seventh day of the second month the earth was completely dry. Then God said to Noah, "Come out of the ark, you and your wife and your sons and their wives." Genesis 8: 14-16.**

The Lord spoke to them only on the 27th day of the second month. It was almost 2 months since they had discovered that the water was gone. Noah and his family would have been so desperate to get out, breathe fresh air, and take a long stroll. However, they could not do so because the Lord had not yet spoken. How desperate they must have been! They were in the flesh, too, and they definitely would have had the temptation to open the door, but they never dared to do it.

They knew that God who planned their year-long journey would instruct them to come out when it was the right time. The same holds true for our lives too, if God wants us to do something, He'll instruct us. This is what we have to do even if we find that our ship of life is caught in a storm – stay inside with a strong faith in the Lord. Even if we feel that there is something we could do about it or see a solution, we must consult God and wait for His instruction, because our safety lies in him.

Stay with the Lord, come what may. He is faithful to support you through thick and thin until the end.

# യുവതരംഗം

## ക്വിസ് 22

1. നന്മ അവകാശമാക്കുന്നതാര്?
2. പാറ എനിക്കു എന്ത് ഒഴുക്കിത്തന്നു എന്നാണു പറഞ്ഞിരിക്കുന്നത്?
3. രാജാവെന്നപദം ബൈബിളിൽ ആദ്യമായി ഉപയോഗിച്ചിരിക്കുന്ന (വാക്യം) ഏത്?
4. അവനെപ്പോലെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടുംകൂടെ യഹോവയുടെ ന്യായപ്രമാണപ്രകാരമൊക്കെയും യഹോവയിങ്കലേക്കു തിരിഞ്ഞ ഒരു രാജാവു മുൻപുണ്ടായിട്ടില്ല, പിമ്പ് ഒരുത്തൻ എഴുന്നേറ്റിട്ടുമില്ല? ആര്?
5. യഹോവയ്ക്കു പ്രസാദമുള്ളതു ചെയ്തുവെങ്കിലും യഹോവയുടെ ആലയത്തിലേയ്ക്കു കടക്കാതിരുന്ന രാജാവ്?
6. ആദ്യമായി ഗുഹയിൽ പാർത്തവർ ആരെല്ലാം?
7. ദന്തംകൊണ്ടു സിംഹാസനം ഉണ്ടാക്കിയതാര്?
8. ആരാണ് ചെന്നു ദൈവകൃപ കണ്ടു സന്തോഷിച്ചത്?
9. തോലായുടെ ഗോത്രം ഏത്?
10. ജ്ഞാനം അന്വേഷിച്ചിട്ടും കണ്ടെത്താത്തതാര്?

ഉത്തരങ്ങൾ വേദഭാഗസഹിതം ഏപ്രിൽ 30 നകം ലഭിക്കത്തക്കവണ്ണം
താഴെ കാണും വിലാസത്തിൽ അയക്കുക.

Quiz Master, Podiamma Thomas,
Padipurakkal House,
CRA - 67, Chakungal Road,
Palarivattom P.O., Ernakulam - 682025.

## ക്വിസ് 21 ന്റെ ഉത്തരവും വിജയികളും

1. കേൾപ്പാൻ വേഗതയും പറവാൻ താമസവും (യാക്കോ 1:19)
2. സ്കേവാ മഹാപുരോഹിതൻ (അപ്പൊ. 19:14)
3. ആഹാസ് (2 രാജാ. 16:3)
4. യേഹൂ (2 ദിന. 19:2)
5. യഹൂദ, യരൂശലേം (യിരെ. 44:6)
6. മോവാബ് (യെശ. 16:6)
7. ദരിദ്രനും, ജ്ഞാനിയുമായ ബാലൻ (സഭാ. 4:13)
8. യഹോയാദാ (2 രാജാ. 12:2)
9. കണ്ണ് അടയ്ക്കുന്നവൻ (സദൃ. 16:30).
10. അരിവാൾ (വെളി. 14:16)

| | | |
|---|---|---|
| 1. | ഡോറൽ പ്രിൻസ് | - പള്ളുരുത്തി |
| 2. | ഗീതാ ഷാജി | - പാലാരിവട്ടം |
| 3. | അമ്മിണി ഐസക് | - വിളക്കുടി |
| 4. | തങ്കമ്മ ജോൺസൺ | - കുമ്പളങ്ങി |
| 5. | സ്മിത ബിനീഷ് | - എരമല്ലൂർ |
| 6. | ബീന സാം | - കരിപ്പക്കുന്ന് |
| 7. | മേരി ഷൈല | - കന്യാകുമാരി |
| 8. | എം. എം. മോനിഷ | - തിരുവാണിയൂർ |
| 9. | എ. ജെ. ചെറിയാൻ | - ഏഴംകുളം |
| 10. | ബിന്ദു വിൽസൺ | - കാക്കനാട് |
| 11. | ബെൻസി ബിനു | - മാവേലിക്കര |
| 12. | ബിബിത ഗിരിജൻ | - കാഞ്ഞിരമറ്റം |

ചിന്താശക്തി

## ചിന്തിക്കൂ... ഉത്തരം കണ്ടെത്താം

**ഡെയ്നി പോൾ**

വേദപുസ്തകത്തിലെ ഒരു മഹാ ധനവാനാണ് ഞാൻ. എനിക്കു ധാരാളം ദാസീദാസന്മാരും കൃഷിയിടവും കന്നുകാലികളും ഉണ്ട്. ഞാൻ ആരേയും ചതിച്ചിട്ടില്ലെങ്കിലും ഞാൻ പറ്റിക്കപ്പെട്ടിട്ടുണ്ട്. രാജാക്കന്മാർവരെ സന്ധി ചെയ്യാൻ എന്റെ അടുത്തു വന്നിട്ടുണ്ട്.

എന്റെ പേരിനു നാല് അക്ഷരമുണ്ട്. ഇതിൽ ഒന്ന് കൂട്ടക്ഷരവുമാണ്. ഇതിൽ രണ്ടാമത്തെ അക്ഷരം കസേരയിലുണ്ട് മേശയിലില്ല. എന്നാൽ ഞാൻ ആരാണ്?

സംഭവകഥ



# ശാന്തിയുടെ തീരത്ത്...

പാ. ജെ. പുഷ്കരൻ കാക്കനാട്

**മൂ**ടിക്കെട്ടിയ സന്ധ്യ വിജനമായ പുഴയോരം. ഭാരിച്ച പെട്ടിയും ബാഗുമായി മോഹൻ ഓട്ടോയിൽ നിന്നിറങ്ങി. ഒരു മാറ്റവുമില്ല. പതിനഞ്ചുവർഷത്തെ ഇടവേള കഴിഞ്ഞ് നാട്ടിലേക്കുള്ള വരവാണ്... അതും യാതൊരു മുന്നറിയിപ്പും കൂടാതെ. പത്താം ക്ലാസ്സ് കഴിഞ്ഞ് ജോലി തേടി മുംബെയിലേക്ക് വണ്ടി കയറിയതാണ്. കഷ്ടത, പട്ടിണി രോഗങ്ങൾ എന്നുവേണ്ട എല്ലാത്തരം അനുഭവങ്ങളിലൂടെയും കടന്നുപോയ ഒന്നര പതിറ്റാണ്ട്. വിജയിക്കണമെന്ന വാശിയായിരുന്നു. ഒരു നല്ല നിലയിൽ എത്തിയ ശേഷമേ ഇനി നാട്ടിലേക്കുള്ളു എന്ന വാശിയാണ്, വരവ് ഇത്രയേറെ വൈകിപ്പിച്ചത്. അശരണയായ അമ്മയെയും വിവാഹപ്രായമായ രണ്ടു സഹോദരിമാരെയും സന്തോഷിപ്പിക്കത്തക്ക വകയുമായാണ് ഈ വരവെന്നറിയുമ്പോൾ അവരുടെ സന്തോഷം ഒന്നു കാണേണ്ടതായിരിക്കും.

ജംഗ്ഷനിലും പരിസരത്തുമൊന്നും തന്നെ അറിയുന്നവരെ ആരെയും കണ്ടില്ല. ഒരുപക്ഷെ കണ്ടാലും പെട്ടെന്ന് തിരിച്ചറിയണമെന്നുമില്ല. തനിക്കും കുറയേറെ വ്യത്യാസങ്ങൾ വന്നിട്ടുണ്ടല്ലോ. മഴക്കാറുള്ള തിനാലാകാം പുഴയോരത്ത് ചീട്ടുകളിക്കാരെയും കാണാത്തത്. ഈ പുഴയൊന്നു കടന്നു കിട്ടിയാലേ തന്റെ പ്രിയപ്പെട്ടവരെ ചെന്നു കാണാൻ പറ്റൂ. വള്ളക്കാരൻ അക്കരയ്ക്കു പോയിരിക്കയാണെന്നു തോന്നുന്നു. ഒരു പാലം എന്ന ആശയത്തിനായി എത്ര കാലമായി മുറവിളി കൂട്ടിയിട്ടും കടത്തുവഞ്ചിതന്നെ ഇന്നും ശരണം. പാലം എന്നും ഒരു ഇലക്ഷൻ പ്രചാരണ ആയുധം മാത്രം!

കടത്തുകാരൻ എത്തിയപ്പോഴേക്കും ഇരുൾ വീണുതുടങ്ങി. അവർ അന്യോന്യം നോക്കി... ഒരു പരിചയവുമില്ല.

'അക്കരക്കല്ലേ, കയറിക്കോളൂ,' പെട്ടിയും ബാഗും വള്ളത്തിൽ എടുത്തുവെയ്ക്കാൻ വഞ്ചിക്കാരൻ സഹായിച്ചു.

"മഴ വരുന്നെന്നു തോന്നുന്നു... ഒന്നു വേഗം" മോഹൻ ധൃതികൂട്ടി.

ഒരു രണ്ടു മിനിട്ടു കൂടി നോക്കാം സാറെ, അത്യാവശ്യക്കാർ ആരെങ്കിലും വന്നാൽ അവരെകൂടി അക്കരെ എത്തിക്കാമല്ലോ...

അല്പ സമയം കാത്തെങ്കിലും ആരും വന്നില്ല.

പതിനഞ്ചു മിനിട്ടെങ്കിലും എടുത്തുള്ള ജലയാത്രയാണ്. ആരെങ്കിലും കൂട്ടിനുണ്ടായാൽ നന്നായിരുന്നു എന്നോർത്തെങ്കിലും വീട്ടിലെത്താനുള്ള ആഗ്രഹം കാരണം ആരെയും കാത്തുനിൽക്കാൻ അനുവദിക്കാതെ വള്ളക്കാരനെ തുഴയാൻ മോഹൻ നിർബന്ധിച്ചു.

കരയിൽനിന്നും നീങ്ങിയശേഷം വള്ളക്കാരൻ സ്വയം പരിചയപ്പെടുത്തി. "ഞാനിവിടെ പുതിയ ആളാണ്, പേര് രാജു സ്വദേശം ചേർത്തലയ്ക്ക് അടുത്താണ്. സാറെവിടെനിന്നു വരുന്നു, മുമ്പ് കണ്ടിട്ടില്ലല്ലോ...?"

ഞാൻ മോഹൻ. മുംബയിൽനിന്നു 15 കൊല്ലം കഴിഞ്ഞുള്ള വരവാണ്. വീട്ടുകാർക്ക് ഒരു സർപ്രൈസ് ആകട്ടെ എന്നു കരുതി . ഈ വരവിന്റെ കാര്യം ഞാൻ ആരെയും അറിയിച്ചിട്ടേയില്ല. അനിയത്തിമാരെ മാന്യമായി കെട്ടിച്ചയക്കണം. അതിനുമുമ്പു വീടൊക്കെ ഒന്നു പുതുക്കണം. മുന്നിറിയിപ്പില്ലാതെ എന്നെ കാണുമ്പോൾ അവരുടെ സന്തോഷം എന്തായിരിക്കും!" നാട്ടിൽ എത്തിയതിന്റെ ആവേശത്തിൽ തന്റെ മുംബയിലെ

ജീവിതാനുഭവങ്ങൾ വഞ്ചിക്കാരനോടു പറഞ്ഞുകൊണ്ടേയിരുന്നു.

എന്നാൽ വഞ്ചിക്കാരന്റെ മനസ്സ് മറ്റൊരു ലോകത്തിലായിരുന്നു. ആരോരും അറിയാത്ത ഒരു അജ്ഞാത യാത്രക്കാരൻ ഇതാ തന്റെ വള്ളത്തിൽ...ആരും അയാളെ കണ്ടിട്ടില്ല. നിറയെ സമ്പാദ്യവുമായുള്ള വരവ്... പുഴയിലും കരയിലും ഇരുട്ടുവീണ നേരം. അയാളുടെ കരങ്ങൾ യാന്ത്രികമായി തുഴഞ്ഞുകൊണ്ടേയിരുന്നു. ഈ മനുഷ്യനെ ആരും കാത്തിരിക്കുന്നില്ല. ഇയാളെ ഈ പുഴയുടെ നടുവിൽവെച്ച് വകവരുത്തിയാൽ അയാളുടെ സമ്പാദ്യമെല്ലാം തനിക്കു സ്വന്തം. പുഴയുടെ മദ്ധ്യഭാഗത്ത് എത്തിയിട്ടേയുള്ളൂ. ഇപ്പോൾ താനതു ചെയ്താൽ ലോകത്തിൽ ഒരു മനുഷ്യനും അതറിയാൻ പോകുന്നില്ല. ഒരുപക്ഷേ തന്റെ നൂറായിരം പ്രശ്നങ്ങൾക്കു പരിഹാരമായി ദൈവം തന്നെ കാണിച്ചുതന്ന വഴിയായിരിക്കാം ഈ അജ്ഞാത സഞ്ചാരി. തനിക്കു വേണ്ടുന്നതെല്ലാം ആ പെട്ടിയിൽ ഉണ്ടാവുമെന്നു തീർച്ച.

വഞ്ചിക്കാരനിൽ പെട്ടെന്നുണ്ടായ ഭാവമാറ്റം യാത്രക്കാരന് ഇരുട്ടിൽ തിരിച്ചറിയാനായില്ല. അയാൾ പറഞ്ഞുകൊണ്ടിരുന്നു. സാറെ, നല്ല തണുപ്പ്...ബീഡിയുണ്ടോ ഒന്നെടുക്കാൻ...?

വഞ്ചിക്കാരനു നൽകാനായി ബാഗിൽ നിന്നു സിഗററ്റും ലൈറ്ററും മോഹൻ കുനിഞ്ഞെടുത്തുകൊണ്ടിരുന്നപ്പോൾ...

പങ്കായംകൊണ്ടു രാജു ശക്തമായി മോഹന്റെ തലയിൽ അടിച്ചു. അപ്രതീക്ഷിതമായ അടിയുടെ ആഘാതത്തിൽ മോഹൻ വഞ്ചിയിൽത്തന്നെ കുഴഞ്ഞുവീണു. വഞ്ചി ശക്തമായൊന്നുലഞ്ഞു. ബോധം നഷ്ടപ്പെട്ട അയാളുടെ കഴുത്തിൽ തന്റെ തുവർത്തു കൊണ്ടു മുറുക്കി അയാളുടെ മരണം ഉറപ്പാക്കി. ഗതി മാറി ഒഴുകിയ വഞ്ചി അയാൾ മറ്റൊരു ലക്ഷ്യത്തിലേക്കു തിരിച്ചുവിട്ടു. അധികം ആൾക്കാർ ചെല്ലാൻ മടിക്കുന്ന ചുഴികളും പൊന്തക്കാടുകളുമുള്ള ഭാഗത്ത്... അവിടെ അയാൾ വഞ്ചി അടുപ്പിച്ചു. ഒരു മണിക്കൂറിനുശേഷം അയാൾ തിരികെ വഞ്ചിയുമായി തന്റെ വീടു ലക്ഷ്യമാക്കി തുഴഞ്ഞു.

ഒന്നും സംഭവിക്കാതെ നാലഞ്ചു ദിവസങ്ങൾ കടന്നുപോയി. പതിവുപോലെ വഞ്ചിയുമായി രാജു തന്റെ കടത്തുജോലി തുടർന്നുകൊണ്ടേയിരുന്നു. ആരെങ്കിലും ആ അജ്ഞാതന്റെ കാര്യങ്ങൾ സംസാരിക്കുന്നുണ്ടോ എന്നയാൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ആരും ഒന്നും അറിഞ്ഞിട്ടില്ല. അങ്ങനെ ഒരു യാത്രക്കാരൻ ഇവിടെ വന്നിട്ടുമില്ല. അയാളുടെ ആത്മവിശ്വാസം വർദ്ധിച്ചു.

എന്നാൽ അഞ്ചാം ദിവസം പ്രഭാതത്തിൽ പാറക്കൂട്ടങ്ങളും കൈതപ്പടർപ്പും നിറഞ്ഞ പുഴയോരത്തു സോക്സിട്ട ഒരു കാൽ വെള്ളത്തിൽ അല്പം പൊങ്ങി നില്ക്കുന്നത് ഒരു ചൂണ്ടക്കാരൻ കണ്ടു. ഭയന്നോടിയ ആ മനുഷ്യനിൽനിന്ന് വിവരമറിഞ്ഞു നാട്ടുകാരും പോലീസും സംഭവസ്ഥലത്തെത്തി. ശരീരം ചീഞ്ഞളിഞ്ഞിട്ടുണ്ടെങ്കിലും ആളിന്റെ ഏകദേശരൂപം തിരിച്ചറിയാൻ പറ്റി. പല അഭ്യൂഹങ്ങളും നാട്ടിൽ പരന്നു. വിവരം രാജു എന്ന വഞ്ചിക്കാരനും അറിഞ്ഞു. കാഴ്ചക്കാരിൽ ഒരുവനായി അയാളും എത്തി അന്വേഷണത്തിൽ സഹകരിച്ചു. വളരെ വലിയ ഒരു കല്ല് ശരീരത്തിൽ വെച്ചു കെട്ടി ഒരിക്കലും പൊന്തിവരാത്ത വിധം താഴ്ത്തി മറവുചെയ്തിട്ടും അതെങ്ങനെ പൊന്തി വന്നു എന്നത് അയാളെ അത്ഭുതപ്പെടുത്തി. എങ്കിലും തന്നെ സംശയിക്കത്തക്ക യാതൊരു സാഹചര്യവും നിലവിലില്ല എന്നു സ്വയം അയാൾ ആശ്വസിച്ചു. എന്നാൽ അഭിപ്രായപ്രകടനങ്ങൾക്കൊന്നും മുതിരാതെ അയാൾ തന്റെ തൊഴിലിൽ തുടർന്നുപോന്നു. ചില ദിവസങ്ങൾക്കു ശേഷം മോഹന്റെ ഒരു സുഹൃത്ത് മുംബൈയിൽനിന്ന് അവധിക്കു വന്നപ്പോഴാണു കൊല്ലപ്പെട്ടയാൾ മോഹൻ ആണെന്നു വീട്ടുകാർക്കു തിരിച്ചറിയാനായത്.

ആ പ്രദേശത്തുള്ള കടത്തുകാരെയും ഓട്ടോക്കാരെയും സംശയിക്കാൻ സാദ്ധ്യതയുള്ള ഏവരെയും പോലീസ് ചോദ്യം

ചെയ്തു എങ്കിലും വ്യക്തമായ വിവരങ്ങൾ ലഭിച്ചതേയില്ല. മറ്റെവിടെനിന്നെങ്കിലും ഒഴുകി എത്തിയതാകാമെന്നും ആളുകൾ വിശ്വസിച്ചുതുടങ്ങി. മാസങ്ങൾ നീണ്ട അന്വേഷണം എങ്ങുമെത്താതെ വന്നപ്പോൾ ജനരോഷത്തിന്റെയും രാഷ്ട്രീയ ഇടപെടലുകളുടെയും സമ്മർദ്ദത്താൽ കേസ് സി.ബി.ഐ. ഏറ്റെടുത്തു അന്വേഷണം ആരംഭിച്ചു.

മാസങ്ങൾ പലതുകഴിഞ്ഞു. ഇപ്പോൾ ആ പുഴക്കരയിലോ ഗ്രാമത്തിലോ ആ സംഭവം ഒരു സംസാരവിഷയമേ അല്ലാതായി. തന്നെപ്പോലെ അനേകം വഞ്ചിക്കാരുള്ള ആ പ്രദേശത്ത് തന്നെ സംശയിക്കേണ്ടയാതൊരു കാരണവും ഇല്ലെന്ന് അയാൾ സ്വയം സമാധാനിച്ചു.

ആരുടെയും ശ്രദ്ധയിൽപ്പെടാതെ തട്ടിൻപുറത്ത് ഒളിപ്പിച്ചിരുന്ന മോഹന്റെ വലിയ പെട്ടിയും ബാഗും തുറന്നു നോക്കാൻ അയാൾക്കു ധൈര്യം കിട്ടിയതുതന്നെ രണ്ടു മാസം കഴിഞ്ഞാണ്. താൻ പ്രതീക്ഷിച്ചതിലും അധികം പണവും സ്വർണ്ണവും വിലയേറിയ വാച്ചുകളും മറ്റും കണ്ടപ്പോൾ അയാൾക്കു സന്തോഷം സഹിക്കാനായില്ല. എന്നാൽ കുറച്ചു കാലംകൂടി കഴിയട്ടെ എന്നു രാജു സമാധാനിച്ചു. ആറു മാസത്തോളം പിടിച്ചുനിന്നശേഷം അതിൽ നിന്നു വിലകൂടിയ സിറ്റിസൺ വാച്ച് പുറത്തെടുത്തു കയ്യിൽ കെട്ടി. അല്പാല്പം പണംകൂടി എടുത്ത് അയാൾ ചെലവാക്കിത്തുടങ്ങി. നാട്ടിൽ ആരുടെയും ശ്രദ്ധയിൽപ്പെടാതിരിക്കാൻ തിരുവനന്തപുരത്തും കൊച്ചിയിലുമാണ് അയാൾ ആഘോഷങ്ങൾക്കു മുതിർന്നത്. ആരും തന്നെ ശ്രദ്ധിക്കുന്നില്ല എന്നു കണ്ടപ്പോൾ അയാൾ അല്പംകൂടി ധാരാളിത്തത്തിനു മുതിർന്നു. ഒരു നിഴൽപോലെ തന്റെ നീക്കങ്ങൾ സി.ബി.ഐ. ശ്രദ്ധിക്കുന്ന വിവരം അയാൾ അറിഞ്ഞതേയില്ല.

ആയിടെ മൂന്നു ദിവസം അയാൾ കടത്തു ജോലിക്കു പോയില്ല. ആലപ്പുഴയിലെ ഒരു നക്ഷത്രഹോട്ടലിൽനിന്നും ഭക്ഷണം കഴിഞ്ഞിറങ്ങിയ രാജുവിനോട് ഒരാൾ കൃത്യസമയം എന്തായി എന്ന് അന്വേഷിച്ചു. "രണ്ടുമണി കഴിഞ്ഞു" എന്ന ഒഴുക്കൻ മറുപടിയിൽ തൃപ്തനാകാത്ത മറ്റെ വ്യക്തി 'എന്റെ വാച്ച് നിന്നുപോയി...സമയം കറക്ട് ചെയ്യാനാണെന്നു' പറഞ്ഞപ്പോൾ രാജു വാച്ച് കാണിച്ചുകൊടുത്തു. സമയം കറക്ട് ചെയ്തശേഷം നൂറു രൂപയ്ക്കു ചെയ്ഞ്ച് ഉണ്ടാകുമോ എന്നു ചോദിച്ചപ്പോൾ തന്റെ വീർത്ത പെഴ്സിൽനിന്നും ചെയ്ഞ്ച് എടുത്തു കൊടുത്തു.

പിന്നെ സംഭവിച്ചതൊക്കെ പെട്ടെന്നായിരുന്നു. ദൂരെ ഒരു ഓട്ടോയിൽ കാത്തിരുന്ന ഇൻസ്പെക്റും മറ്റു പോലീസുകാരുംകൂടി രാജുവിനെ കസ്റ്റഡിയിൽ എടുത്തു. ആദ്യമൊക്കെ 'തനിക്കൊന്നുമറിയില്ല' എന്ന ഭാവം കാണിച്ചെങ്കിലും നേരറിയാനുള്ള സി.ബി. ഐ.യുടെ തന്ത്രങ്ങളുടെ മുമ്പിൽ അയാൾക്ക് അധികനേരം പിടിച്ചുനിൽക്കാനായില്ല. വീട്ടിൽ ഒളിപ്പിച്ചിരുന്ന തൊണ്ടിമുതൽ കൂടി കണ്ടെടുത്തതോടെ കൊലപാതകത്തിന്റെ ചുരുളഴിക്കാൻ പോലീസിനു വളരെ എളുപ്പമായി.

കോളിളക്കം സൃഷ്ടിച്ച ആ കേസിന്റെ വിചാരണാവേളയിൽ സംഭവം നടന്നതുപോലെത്തന്നെ കോടതിയിൽ വിവരിച്ചു കുറ്റസമ്മതം നടത്തി. അപൂർവ്വങ്ങളിൽ അപൂർവ്വമെന്നു കണ്ടെത്തിയ കോടതി രാജുവിനെ മരിക്കുംവരെ തൂക്കിലേറ്റാൻ വിധിച്ചു.

പ്രായമുള്ള അമ്മയെയും വിവാഹപ്രായമായ സഹോദരിമാരെയും സംരക്ഷിക്കാൻ താൻ മാത്രമേ ഉള്ളുവെന്നും കാണിച്ചു രാഷ്ട്രപതിക്കു നൽകിയ ദയാഹർജി തള്ളപ്പെട്ടു. രാജു വധശിക്ഷ കാത്തു സെൻട്രൽ ജയിലിൽ കഴിഞ്ഞു വരുമ്പോൾ തന്റെ ജീവിതം ഇങ്ങനെ വെറുക്കപ്പെട്ട ഒന്നായിത്തീർന്നല്ലോ എന്നും അതിനു കാരണമായ ആ ശപിക്കപ്പെട്ട രാത്രിയെക്കുറിച്ചും ഓർക്കുമ്പോൾ അയാൾ വല്ലാത്ത ആത്മനിന്ദ അനുഭവിച്ചുക്കൊണ്ടിരുന്നു. ജയിലിലെ കഠിനമായ അനുഭവങ്ങൾപോലും താൻ ചെയ്ത പാപപ്രവൃത്തിക്കു പര്യാപ്തമാകുന്നില്ല എന്നു രാജുവിനു തോന്നി. ഒരല്പം സമാധാനത്തിന്, ആശ്വാസത്തിന് ഒരു നല്ല വാക്കി

നായി അവൻ ദാഹിച്ചു. താൻ കാരണം കൊല്ലപ്പെട്ട മോഹന്റെ അമ്മയുടെയും പെങ്ങളുടെയും നിലവിളിയും ശാപവാക്കുകളും അവനെ വേട്ടയാടിക്കൊണ്ടിരുന്നു. ഇനി ആർക്കും ഇങ്ങനെ സംഭവിക്കരുതേ എന്നയാൾ ആഗ്രഹിച്ചു.

ആയിടെ മർക്കൊസ് ഉപദേശി ജയിൽ സന്ദർശിക്കാനെത്തിയപ്പോൾ വധശിക്ഷ കാത്തുകഴിയുന്ന 2 പ്രതികൾ എത്തിയിട്ടുണ്ടെന്നറിഞ്ഞു. അനേകം വർഷങ്ങളായി തടവുകാരോടു സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുന്ന മർക്കൊസ് ഉപദേശിയുടെ നിസ്വാർത്ഥ സേവനത്തിനു ജയിൽ അധികൃതരുടെ പ്രോത്സാഹനവും ഉണ്ടായിരുന്നു. കഠിന നിയമങ്ങൾക്കൊണ്ടു നേരെയാക്കാൻ പറ്റാത്ത കൊടും കുറ്റവാളികൾ മർക്കോസ് ഉപദേശിയുടെ സംഭാഷണങ്ങളാലും പ്രാർത്ഥനയാലും രൂപാന്തരം പ്രാപിക്കുന്ന കാഴ്ച ഉദ്യോഗസ്ഥർക്കു വലിയ അതിശയമായിരുന്നു. താനല്ല, യേശുവിന്റെ വചനങ്ങളാണു അവരിൽ മാറ്റമുണ്ടാക്കുന്നതെന്നു മർക്കൊസ് ഉപദേശി വ്യക്തമാക്കാറുണ്ടായിരുന്നു.

അങ്ങനെ മർക്കൊസ് ഉപദേശി പുതിയ രണ്ടു അന്തേവാസികളെയും കണ്ടു സംസാരിച്ചു. രാജു താല്പര്യത്തോടെ ദൈവവചനം കേട്ടുകൊണ്ടിരുന്നു. എന്നാൽ വധശിക്ഷ കാത്തുകഴിയുന്ന ഡിക്രൂസ് എന്ന മറ്റെ തടവുകാരൻ ഉപദേശിയെ ആക്ഷേപിക്കയായിരുന്നു പതിവ്. കാൽവറിയിലൂടെ യേശു നൽകിയ രക്ഷാപദ്ധതിയെപ്പറ്റി കേട്ട രാജു കർത്താവിനായി ജീവിതം സമർപ്പിച്ചു. അയാൾക്ക് ആവശ്യമായ പുസ്തകങ്ങളും മറ്റും നൽകി പ്രാർത്ഥിച്ചശേഷമാണ് ഉപദേശി മടങ്ങിയത്. ഒരു പാപി മാനസാന്തരപ്പെട്ടതിന്റെ സന്തോഷം ആ മുഖത്തു കളിയാടിയിരുന്നു. രാജു അതിവേഗത്തിൽ ആത്മികമായി വളർന്നു. മർക്കൊസ് ഉപദേശിയും മറ്റു ചില ശുശ്രൂഷകരും രാജുവിനെ ജയിലിൽ തുടർച്ചയായി സന്ദർശിച്ചുകൊണ്ടിരുന്നു. കറസ്പോണ്ടൻസിലൂടെ രാജു ദൈവവചനം പഠിക്കാനിടയായി. 3 മാസത്തിനുള്ളിൽ അയാൾ സ്നാനത്തിനായുള്ള ആഗ്രഹം പ്രകടിപ്പിക്കയും സ്നാനപ്പെടുത്തുകയും ചെയ്തു. രാജുവിൽ വന്ന രൂപാന്തരം അത്ഭുതാവഹമായിരുന്നു. അതു ജയിൽ അധികാരികളെയും അന്തേവാസികളെയും അത്ഭുതപ്പെടുത്തി. നിരാശയുടെ പടുകുഴിയിൽനിന്നു പ്രത്യാശയുടെ കൊടുമുടിയിലേയ്ക്കുള്ള അവന്റെ യാത്ര ആവേശം പകരുന്നതായിരുന്നു.

രാജുവിന്റെ ജയിൽമോചനത്തിനായി പിന്നെയും പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്തു എങ്കിലും ഒന്നും ഫലം കണ്ടില്ല. എന്നാൽ എത്രയും വേഗം ശിക്ഷ നടപ്പാക്കിക്കിട്ടിയാൽ തന്നെ രക്ഷിച്ച കർത്താവിന്റെ അടുക്കലേക്കു വേഗം ചെന്നെത്താമെന്ന വാഞ്ഛയാണു രാജുവിനുണ്ടായിരുന്നത്. മരണത്തെ രാജു ഭയപ്പെട്ടില്ല. തന്റെ ലക്ഷ്യത്തിലേക്കുള്ള ഏണിപ്പടി മാത്രമാണു തൂക്കുകയർ എന്നയാൾ ആശ്വസിച്ചു. വധശിക്ഷയുടെ തലേദിവസം രാജുവിനുവേണ്ടി പ്രാർത്ഥിക്കാൻ വന്ന മർക്കൊസ് ഉപദേശി അയാളുടെ പ്രത്യാശയും ധൈര്യവും കണ്ട് ആശ്ചര്യപ്പെട്ടു. എത്ര വലിയ രൂപാന്തരം!

ഒപ്പം വധശിക്ഷയ്ക്കു വിധേയനാകുന്ന ഡിക്രൂസ് ഉപദേശിയുടെ വാക്കു കേട്ടില്ല. സെല്ലിൽ ഒരു ഭ്രാന്തനെപ്പോലെ ആക്രോശിച്ചും ശപിച്ചും അയാൾ വിധിയെ പഴിച്ചുകൊണ്ടിരുന്നു. എന്നാൽ രാജുവിന്റെ സെല്ലിൽനിന്നു സ്തുതിസ്തോത്രങ്ങളും പ്രത്യാശാ ഗാനങ്ങളും മാത്രമേ ഉയർന്നു കേട്ടുള്ളൂ.

എന്നത്തേതിനേക്കാളും ശാന്തനായി രാജു അന്നു രാത്രി ഉറങ്ങി. അടുത്ത ദിവസത്തെ അരുണോദയം കാണുക ഭൂമിയിൽ അല്ല എന്നറിഞ്ഞുകൊണ്ടുതന്നെ. ശാന്തിയുടെ തീരത്ത് അണയാനുള്ള തീവ്രമായ മോഹത്തോടെ...

(45 വർഷങ്ങൾക്കു മുമ്പു നടന്ന ഒരു യഥാർത്ഥ സംഭവത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയത്. പേരുകൾ/സ്ഥലങ്ങൾ മാറ്റിയിട്ടുണ്ട്.)





# പ്രതിബിംബം

സിന്ധു ഗിരിജൻ കാഞ്ഞിരമറ്റം

**വെ**ള്ളത്തിൽ മുഖത്തിനൊത്തവണ്ണം മുഖത്തെ കാണുന്നു. മനുഷ്യൻ തന്റെ ഹൃദയത്തിനൊത്തവണ്ണം മനുഷ്യനെ കാണുന്നു - (സദൃശ. 27:19).

വളരെ അർത്ഥവത്തായ ഒരു വാക്യ ശകലമാണിത്. വെള്ളം നിറഞ്ഞു കിടക്കുന്ന ഒരു കുളത്തിന്റേയോ, തടാകത്തിന്റേയോ അരികിൽ ചെന്ന് ആ വെള്ളത്തിലേക്കു നാം നോക്കുമ്പോൾ നമ്മുടെ വചനം പറയുന്നു ഇതുപോലെതന്നെയാണു മനുഷ്യൻ തന്റെ ഹൃദയപ്രകാരം മനുഷ്യരെ കാണുന്നതെന്ന്. നാം എങ്ങനെയുള്ളവരാണോ നമ്മുടെ ഹൃദയം എപ്രകാരമുള്ളതാണോ അതു പോലെ തന്നെയാണ് നാം മറ്റുള്ളവരെ വിലയിരുത്തുന്നത്. അതുകൊണ്ട് സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക. ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്. സദൃശ. 4:23.

മറ്റുള്ളവരെ വിധിക്കുവാനും, അവരെ ക്കുറിച്ചു അഭിപ്രായം പറയുവാനും നാം വളരെ വ്യഗ്രതയുള്ളവരാണ്. എന്നാൽ കർത്താവായ യേശുക്രിസ്തു പറയുന്നു." നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങ ളെയും വിധിക്കും. നിങ്ങൾ അളക്കുന്ന അള വിനാൽ നിങ്ങൾക്കും അളന്നു കിട്ടും. (മത്താ. 7:1). അതുകൊണ്ടു നിങ്ങൾ വിധി ക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുത്.

ശ്രദ്ധേയമായ ഈസോപ്പ് കഥകളിൽ ഒന്ന് ഇപ്രകാരമാണ്. ധാരാളം ജനങ്ങൾ വ്യാപാരാവശ്യങ്ങൾക്കായി ഒരു പട്ടണ ത്തിൽ മറ്റേതിലേക്കും, തിരിച്ചും യാത്ര ചെയ്യുന്ന ഒരു തിരക്കേറിയ പാതയോരത്ത് ഈസോപ്പും, സ്നേഹിതരും ഇരിക്കുകയാ യിരുന്നു. ഒരു സാധാരണക്കാരനായ മനു ഷ്യൻ അദ്ദേഹത്തെ സമീപിച്ചിട്ട് ഇങ്ങനെ ചോദിച്ചു.'' സ്നേഹിതാ ആ വലത്തു വശത്തു കാണുന്ന പട്ടണത്തിൽനിന്നുമാണു ഞാൻ വരുന്നത്. എനിക്ക് അപ്പുറത്തു കാണുന്ന ആ പട്ടണത്തിൽ ചെന്നു വ്യാപാരം ചെയ്താൽ കൊള്ളാമെന്നുണ്ട്. എങ്ങിനെ യുണ്ട് അവിടത്തെ ജനങ്ങൾ? നല്ലവരാണോ അതോ ദുഷ്ടന്മാരോ? അല്പസമയം നിശ ബ്ദനായിരുന്നിട്ട് ഈസോപ്പ് ആ മനുഷ്യ നോടു തിരിച്ചൊരു ചോദ്യം, "ആട്ടെ നിങ്ങൾ ഇത്രയും നാൾ പാർത്ത പട്ടണത്തിലെ ആളു കൾ എങ്ങനെയുണ്ട്?"

ആ മനുഷ്യൻ പറഞ്ഞു, ''അയ്യയ്യോ, ഇത്രയും ദുഷ്ടന്മാരും കൊള്ളരുതാത്തവരു മായ മനുഷ്യർ മറ്റൊരു ദേശത്തിലും കാണു കയില്ല." ഈസോപ്പ് പറഞ്ഞു," സുഹൃത്തേ, നിങ്ങൾ പോകാനുദ്ദേശിക്കുന്ന ആ പട്ടണ ക്കാരുണ്ടല്ലോ ഇവരെക്കാളും, ദുഷ്ടന്മാരും, കൊള്ളരുതാത്തവരുമാണ്. അതുകൊണ്ടു നിങ്ങൾ അവിടെ പോകാതിരിക്കുന്നതാണ് നല്ലത്. ആ മനുഷ്യൻ നിരാശയോടെ തന്റെ പട്ടണത്തിലേക്കു മടങ്ങിപ്പോയി.

അല്പസമയം കഴിഞ്ഞപ്പോൾ അതേ പട്ടണത്തിൽനിന്നു തന്നെ മറ്റൊരു മനുഷ്യൻ ഈസോപ്പിന്റെ അടുക്കൽ വന്നു. ഒന്നാമൻ പറഞ്ഞ അതേ ചോദ്യം ചോദിച്ചു. ഈ സോപ്പ് തിരിച്ചു മറ്റേ മനുഷ്യനോടു ചോദിച്ച ചോദ്യം ആവർത്തിച്ചു. ആ മനുഷ്യൻ ഇങ്ങനെ പറഞ്ഞു, വളരെ നല്ല ആളുകളാണ് എന്റെ പട്ടണക്കാർ. എനിക്ക് ആ ദേശം വിട്ടു



# പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

### മാസയോഗം - കൊച്ചിൻ സെന്റർ

21-3-2015 ൽ കുമ്പളങ്ങി ദൈവസഭയിൽവെച്ച് ഇപ്രാവശ്യത്തെ മാസയോഗം നടത്തുവാൻ കർത്താവു സഹായിച്ചു. കൃത്യം 10:15 ന് സെന്റർ പാസ്റ്റർ ഒ. തങ്കച്ചൻ പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ അനുഗൃഹീതമായ ആത്മീയ ഗീതങ്ങൾ പാടി ദൈവജനം കർത്താവിനെ മഹത്വപ്പെടുത്തി. തുടർന്നു കുമ്പളങ്ങി സഭയുടെ ശുശ്രൂഷകൻ 84-ാം സങ്കീർത്തനം വായിച്ചു അല്പസമയം പ്രബോധിപ്പിച്ചു. ശേഷം സെന്ററിലെ വിവിധ സഭാശുശ്രൂഷകന്മാർ സഭകളുടെ റിപ്പോർട്ടും സാക്ഷ്യങ്ങളും സഭാ മദ്ധ്യേ അറിയിച്ചു. ഒടുവിലായി പാസ്റ്റർ പി. സോളമൻ എഫെസ്യലേഖനം 1:16-21 വരെയുള്ള വേദഭാഗത്തുനിന്നു ശക്തമായ ദൈവവചന ശുശ്രൂഷയും നിർവഹിച്ചു. വളരെ അനുഗൃഹകരമായി നടത്തിയ വചനശുശ്രൂഷയ്ക്കുശേഷം സെന്റർ പാസ്റ്ററിന്റെ പ്രാർത്ഥനയോടും ആശിർവാദത്തോടുംകൂടി കൃത്യം 1 മണിക്കു സമംഗളം അവസാനിച്ചു. പ്രസ്തുത മീറ്റിംഗിൽ ഏകദേശം 176 പേർ പങ്കെടുത്തു. ഇവിടത്തെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കണമേ.

**പാസ്റ്റർ ജോൺസൺ കെ.എസ്.**
**കുമ്പളങ്ങി ദൈവസഭ**

### തിരുവനന്തപുരം സെന്റർ - പാസ്റ്റേഴ്സ് മീറ്റിംഗ്

14-3-2015 ശനിയാഴ്ച കുരുതംകോട് ദൈവസഭയിൽവച്ചു സെന്റർ പാസ്റ്റർ വി. ശശിയുടെ അദ്ധ്യക്ഷതയിൽ രാവിലെ 11 മണിക്കു ഇവാ. ജ്ഞാനദാസ് പ്രാർത്ഥിച്ചു യോഗം ആരംഭിച്ചു. സെന്ററിലെ ശുശ്രൂഷകന്മാരും കുരുതംകോട് സഭയിൽ ചുമതലപ്പെട്ടവരും ഒരുമിച്ചിരുന്നു സഭയുടെ വിവിധവിഷയങ്ങൾക്കായി 2 മണി വരെ പ്രാർത്ഥിച്ചു. ഉച്ചയ്ക്കുശേഷം 2.30 ന് പാസ്റ്റർ തമ്പികുട്ടി പ്രാർത്ഥിച്ചു ശുശ്രൂഷകന്മാരുടെ ആലോചനാ മീറ്റിംഗ് ആരംഭിച്ചു.

---

പോകുവാൻ ഒട്ടും മനസ്സില്ല. പക്ഷേ എന്റെ വ്യാപാരത്തിന് ഒരു അഭിവൃദ്ധി ഉണ്ടായാലോ എന്നോർത്താണ് ഞാനാ പട്ടണം വിടുന്നത്.

ഈസോപ്പ് പറഞ്ഞു, ''സുഹൃത്തേ നിങ്ങൾക്കു ധൈര്യമായി ആ പട്ടണത്തിലേക്കു പോകാം. നിങ്ങളുടെ പട്ടണക്കാരേക്കാൾ ഏറ്റവും നല്ലവരും, മാന്യരുമാണ് അവിടുത്തെ ജനങ്ങൾ. അദ്ദേഹം സന്തോഷത്തോടെ ആ പട്ടണം ലക്ഷ്യമാക്കി നടന്നകന്നു.

ഇതു കണ്ടുകൊണ്ടു നിന്ന സുഹൃത്തുക്കൾ ഈസോപ്പിനോടു ചോദിച്ചു. ഇതു വളരെ വിചിത്രമായിരിക്കുന്നുവല്ലോ? ഒരേ പട്ടണത്തിനെക്കുറിച്ചു രണ്ട് അഭിപ്രായങ്ങൾ പറയാൻ കാരണമെന്താണ്? ഈസോപ്പ് പറഞ്ഞു, "കൂട്ടുകാരെ, അവർ ഇരുവരും ഒരേ പട്ടണത്തെക്കുറിച്ചു പറഞ്ഞ വ്യത്യസ്ത അഭിപ്രായങ്ങൾ നിങ്ങൾ കേട്ടില്ലയോ? നാം എങ്ങനെ മറ്റുള്ളവരോടു പെരുമാറുന്നുവോ അതുതന്നെയായിരിക്കും നമുക്കു മറ്റുള്ളവരിൽനിന്നും തിരിച്ചു ലഭിക്കുന്നതും.

ഇതു കേവലം ഒരു കഥയാണെങ്കിലും വലിയ ആത്മീയസത്യം ഇതിൽ അടങ്ങിയിട്ടുണ്ട്. മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും. നല്ലതു വിതച്ചാൽ നല്ലത് കൊയ്യാം. ആകാത്തത് വിതച്ചാൽ ആകാത്തതും. ആകയാൽ നന്മ വിതച്ചു നന്മ കൊയ്യുവാൻ സർവ്വശക്തൻ സഹായിക്കട്ടെ. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിക്കുന്നു ദുഷ്ട മനുഷ്യൻ ദുർന്നിക്ഷേപത്തിൽനിന്നു തീയതു പുറപ്പെടുവിക്കുന്നു (മത്താ. 12:35).

സെന്റർ പാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. സെന്ററിന്റെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. 4 pm ന് സെന്റർ പാസ്റ്റർ പ്രാർത്ഥിച്ചു യോഗം അവസാനിപ്പിച്ചു.

**പാസ്റ്റർ മൈക്കൾ ബാബുരാജ്**
**സെന്റർ സെക്രട്ടറി**

### കൊച്ചി - പാസ്റ്റേഴ്സ് മീറ്റിംഗ്

2015 ഫെബ്രുവരി മാസത്തിലെ പാസ്റ്റേഴ്സ് മീറ്റിംഗ് ഫെബ്രുവരി 2-ാം തീയതി തിങ്കളാഴ്ച 4 pm ന് സുവി. വിനോദ് പി. യുടെ വകയായി കഴുത്തുമുട്ട് ദൈവസഭയിൽവെച്ചു അനുഗ്രഹകരമായി നടന്നു. സെന്റർ പാസ്റ്റർ ഒ. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കുംശേഷം പാസ്റ്റർ ഷാജി. റ്റി. എൽ. മത്തായി 11:29,30 വാക്യങ്ങളെ അടിസ്ഥാനമാക്കി വചനശുശ്രൂഷ നിർവ്വഹിച്ചു. അനന്തരമായി ദൈവസഭാ പ്രസിഡണ്ട് പാസ്റ്റേഴ്സിനു വേണ്ട ആത്മീയ നിർദ്ദേശങ്ങൾ നല്കുകയും സഭകളുടെ പ്രവർത്തന റിപ്പോർട്ട്  പാസ്റ്റേഴ്സ് നല്കുകയും ചെയ്തു. ചെറിയകടവ് സഭയുടെ ശുശ്രൂഷകനായി സുവി. ഷാജി എൽ.ഡി. യെ നിയമിച്ചു. കൃത്യം 5.50 pm ന് പ്രാർത്ഥിച്ചു മീറ്റിംഗ് അവസാനിപ്പിക്കുകയും ചെയ്തു.

### കൊച്ചി സെന്റർ കൺവെൻഷൻ 2015

ദൈവസഭാ കൊച്ചിൻ സെന്ററിന്റെ സെന്റർ കൺവെൻഷൻ 2015 ഫെബ്രുവരി 6-8 വരെ (വെള്ളിയാഴ്ച മുതൽ ഞായറാഴ്ചവരെ) കഴുത്തുമുട്ട് ദൈവസഭാഗ്രൗണ്ടിൽവെച്ച് അനുഗ്രഹകരമായി നടന്നു. 6-ാം തീയതി വെള്ളിയാഴ്ച 6 pm ന് ദൈവസഭാ പ്രസിഡണ്ട് പാസ്റ്റർ ജോർജ്ജ് ഫിലിപ്പ് പ്രാർത്ഥിച്ച് ആരംഭിച്ച കൺവെൻഷനിൽ പാസ്റ്റർ സണ്ണി കുര്യൻ വചനശുശ്രൂഷനിർവ്വഹിച്ചു. പാസ്റ്റർ പി. സോളമൻ അദ്ധ്യക്ഷനായിരുന്നു. 7 തീയതി വൈകിട്ട് 6 മണിക്കു പൊതുയോഗം ആരംഭിച്ചു. കോട്ടയം സെന്റർ പാസ്റ്റർ പി.വി. ഗിരിജൻ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ബാബു ചെറിയാൻ ദൈവവചനം ശുശ്രൂഷിച്ചു. ഞായറാഴ്ച കോട്ടയം-കൊച്ചി സെന്റർ സംയുക്ത സഭായോഗം നടന്നു. 9.30 am ന് ആരംഭിച്ച ആരാധനയിൽ പാസ്റ്റർ പോൾസൺ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. അദ്ധ്യക്ഷനായിരുന്ന സെന്റർ പാസ്റ്റർ ഒ. തങ്കച്ചൻ 16-ാം സങ്കീർത്തനം വായിച്ചു പ്രബോധിപ്പിച്ചു. പാസ്റ്റേഴ്സ് സഭകളുടെ സാക്ഷ്യം പ്രസ്താവിച്ചു. ദൈവസഭാ പ്രസിഡണ്ടിന്റെ ലഘു സന്ദേശം വളരെ അനുഗ്രഹപ്രദമായിരുന്നു. അനന്തരമായി പാസ്റ്റർ അനിൽ കൊടിത്തോട്ടം വചനം ശുശ്രൂഷിച്ചു. 1.30 pm ന് സഭായോഗം പ്രാർത്ഥിച്ചു ആശീർവാദത്തോടെ അവസാനിച്ചു.

വൈകിട്ട് 6 മണിക്കു പൊതുയോഗം ആരംഭിച്ചു. പാസ്റ്റർ ഷമീർ ദൈവവചനം ശുശ്രൂഷിച്ചു. മുൻ വർഷങ്ങളെക്കാൾ ആളുകൾ ധാരാളമുണ്ടായിരുന്നു. സുവി. രൂബേന്റെ നേതൃത്വത്തിൽ ദൈവസഭാ ഗായകസംഘം ഗാനശുശ്രൂഷ നിർവ്വഹിച്ചു. സെന്ററിലെ ദൈവദാസന്മാർ ആത്മാർത്ഥതയോടെ സഭയായി ഈ കൺവെൻഷന്റെ അനുഗ്രഹത്തിനായി പ്രവർത്തിച്ചു. പാസ്റ്റർ വൈ. സ്റ്റീഫന്റെ നേതൃത്വത്തിൽ കൺവെൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥന നടത്തിയിരുന്നു. ശനിയാഴ്ച പകൽ നടന്ന ഫാമിലി സെമിനാർ വിജ്ഞാനപ്രദവും കൂടിവന്നവർക്ക് അനുഗ്രഹവുമായിരുന്നു.

**പാസ്റ്റർ പി. സോളമൻ**
**കൊച്ചി സെന്റർ സെക്രട്ടറി**

### മാസയോഗം-തൃശൂർ സെന്റർ

ദൈവസഭയുടെ തൃശൂർ സെന്റർ മാസയോഗം 2015 മാർച്ച് 21-ാം തിയ്യതി ശനിയാഴ്ച കരിപ്പക്കുന്ന് ദൈവസഭാഹാളിൽവെച്ച് അനുഗ്രഹകരമായി നടത്തപ്പെട്ടു.  സെന്റർ പാസ്റ്റർ ഐസക് തോമസ് അദ്ധ്യക്ഷത വഹിച്ച യോഗം കൃത്യം 10 am ന് പുല്ലംകണ്ടം ദൈവസഭാ ശുശ്രൂഷകൻ ഇവാ. ജയേഷ് പ്രാർത്ഥിച്ചാരംഭിച്ചു.  പൊതുവായുള്ള പാട്ടിനും ആരാധനയ്ക്കും ശേഷം കരിപ്പക്കുന്ന് സഭാശുശ്രൂഷകൻ ഇവാ. സോബിൻ 63-ാം സങ്കീർത്തനം വായിച്ചു പ്രബോധിപ്പിച്ചു. വിവിധ സഭകളെ പ്രതിനിധീകരിച്ചു വിശ്വാസികൾ സാക്ഷ്യങ്ങൾ

**ചിന്താശക്തിയുടെ ഉത്തരം: യിസ്ഹാക്ക്**

പ്രസ്താവിക്കയും സഭാശുശ്രൂഷകന്മാർ സഭകളുടെ പ്രവർത്തന റിപ്പോർട്ട് പ്രസ്താവിക്കയും ചെയ്തു. ഇതര സഭകളിൽനിന്നും അതിഥികളായെത്തിയവർക്കും സാക്ഷ്യത്തിനവസരം നൽകുകയുണ്ടായി. ബ്രദർ സൈമൺ കുന്നംകുളം, ബ്രദർ ജോസ് കരിപ്പക്കുന്ന്, ബ്രദർ കെ. എ. പീറ്റർ, ബ്രദർ അച്ചൻകുഞ്ഞ് തുടങ്ങിയവർ അനുഭവങ്ങൾ പങ്കുവെച്ചു. കട്ടിലപ്പൂവം ദൈവസഭാ ശുശ്രൂഷൻ പാസ്റ്റർ ബേബി വചനത്തിൽനിന്നും നൽകിയ ഹൃസ്വസന്ദേശം അനുഗ്രഹകരമായിരുന്നു. സമാപനസന്ദേശം ഫിലിപ്പിയർ 4:6-ാം വാക്യം ഉദ്ധരിച്ചു പാസ്റ്റർ ഐസക് തോമസ് നിർവ്വഹിച്ചു. പ്രാർത്ഥനയോടും ആശീർവ്വാദത്തോടുംകൂടി യോഗം 1 pm ന് സമംഗളം പര്യവസാനിച്ചു. സെന്ററിന്റെ പുരോഗതിയ്ക്കായി പ്രാർത്ഥിക്കണമെ.

**ബ്രദർ കെ. എ. പീറ്റർ**

സെന്റർ സെക്രട്ടറി

**മാസയോഗം-കോട്ടയം സെന്റർ**

കോട്ടയം സെന്റർ ദൈവസഭകളുടെ മാസയോഗം 2015 മാർച്ച് 21-ാം തിയ്യതി ശനി യാഴ്ച ഉദയഗിരി സഭയിൽവച്ചു അനുഗ്രഹമായി നടത്തുവാൻ കർത്താവു സഹായിച്ചു. രാവിലെ 10 ന് പാസ്റ്റർ ജേക്കബ് ജോർജ്ജ് പ്രാർത്ഥിച്ചാരംഭിച്ച മാസയോഗത്തിൽ സെന്റർ പാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും ശേഷം സഭാശുശ്രൂഷ കൻ പാ. ശശി ഏബ്രഹാം 3-ാം സങ്കീർത്തനം വായിച്ചു പ്രബോധിപ്പിച്ചു. ദൈവദാസന്മാരു ടെയും അതിഥികളായി പങ്കെടുത്തവരുടേയും സാക്ഷ്യാനന്തരം പാ. രാജേഷ് എം. കെ. സമാപന സന്ദേശം നൽകി. സെന്ററിലെ എല്ലാ ദൈവദാസന്മാരും സഭാപ്രതിനിധികളും ഉൾപ്പെടെ 146 പേർ മാസയോഗത്തിൽ പങ്കെടുത്തു. പാ. വൈ. സ്റ്റീഫന്റെ പ്രാർത്ഥനയോടും ആശീർവ്വാദത്തോടുംകൂടെ മീറ്റിംഗ് 1.30 ന് പര്യസാനിച്ചു.

**പാസ്റ്റേഴ്സ് മീറ്റിംഗ്-കോട്ടയം സെന്റർ**

ഇവാ. ജോർജ്ജ് ബെഞ്ചമിന്റെ വകയായി 2015 മാർച്ച് 2 ന് തിരുവഞ്ചൂർ പാസ്റ്റർ രാജേഷ് താമസിക്കുന്ന ഭവനത്തിൽവച്ചു പാസ്റ്റേഴ്സ് മീറ്റിംഗ് അനുഗ്രഹമായി നടന്നു. വൈകീട്ട് 4.30 ന് പാസ്റ്റർ ശശി ഏബ്രഹാമിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ പാസ്റ്റർ വൈ. സ്റ്റീഫൻ അദ്ധ്യക്ഷനായിരുന്നു. സെന്ററിലെ എല്ലാ ദൈവദാസന്മാരും കുടുംബമായി മീറ്റിംഗിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ സെന്റർ പാസ്റ്റർ വചനശുശ്രൂഷ ചെയ്തു. സഭകളുടെ റിപ്പോർട്ടുകൾക്കുശേഷം പൊതുപ്രയോജനത്തിനായുള്ള ഇതര വിഷയങ്ങളും ചർച്ച ചെയ്തു. പ്രാർത്ഥനയോടും ആശീർവാദത്തോടുംകൂടെ മീറ്റിംഗ് 6.30 ന് പര്യവസാനിച്ചു.

**പുതിയ പ്രവർത്തനം**

കോട്ടയം സെന്ററിൽ പെരുവ മൂർക്കാട്ടുപടി ജംഗ്ഷനിൽ H.P.C. കവലയ്ക്കു സമീപം മെയിൻ റോഡിൽ വാടക കെട്ടിടത്തിൽ 2015 മാർച്ച് 29 ഞായറാഴ്ച ദൈവസഭയുടെ ഒരു ആരാധന ആരംഭിക്കുവാൻ കർത്താവു സഹായിച്ചു. ഇവാ. സാബു വർഗീസ് പ്രാർത്ഥിച്ചാ രംഭിച്ച ആരാധനയിൽ 25 ഓളം പേർ എല്ലാ ഞായറാഴ്ചയിലും പങ്കെടുത്തുവരുന്നു. രണ്ടു മാസമായി ഇവാ. ബിജു എം. പി. യുടെ നേതൃത്വത്തിൽ ഇവിടെ പ്രവർത്തനം നടന്നുവരി കയായിരുന്നു. ഈ സഭയുടെ പ്രവർത്തനങ്ങളെയും, നിലനില്പിനെയും ഓർത്തു പ്രാർത്ഥി ക്കണം.

**ഉപവാസ പ്രാർത്ഥനയും തിരുവത്താഴവും**

കോട്ടയം സെന്ററിൽ എടയ്ക്കാട്ടു വയൽ സഭയുടെ ചുമതലയിൽ 2015 മാർച്ച് 20, 21, 22 ദിവസങ്ങളിൽ മൂന്നു ദിവസത്തെ ഉപവാസപ്രാർത്ഥനയും തിരുവത്താഴ ശുശ്രൂഷയും സഭാ ഹാളിൽവച്ച് അനുഗ്രഹമായി നടന്നു. ഇവാ. ബിജു M. P., ഇവാ സാബു വർഗീസ്, പാസ്റ്റർ ജേക്കബ് ജോർജ്ജ് തുടങ്ങിയ ദൈവദാസന്മാർ വചനശുശ്രൂഷകൾ ചെയ്തു. സെന്റർ പാസ്റ്റർ ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ച് വചനശുശ്രൂഷകൾ നിർവ്വഹിക്കുകയും തിരുവത്താഴ ശുശ്രൂഷ നടത്തുകയും ചെയ്തു. ദൈവസഭയുടെ വിവിധ സഭകളിൽനിന്നുള്ള സഹോദര ങ്ങൾ ഉൾപ്പെടെ 18 പേർ തിരുവത്താഴ ശുശ്രൂഷയിൽ സംബന്ധിച്ചു. ഇവിടത്തെ പ്രവർത്ത നങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.

### ബൈബിൾ കൺവെൻഷനും സംഗീതവിരുന്നും

കോട്ടയം സെന്ററിൽ കാഞ്ഞിരമറ്റം സഭയിൽ 2015 മാർച്ച് മാസം 27,28,29 ദിവസങ്ങളിൽ ദൈവസഭാ ഹാളിനു സമീപം തയ്യാറാക്കിയ ഗ്രൗണ്ടിൽവച്ചു ബൈബിൾ കൺവെൻഷനും സംഗീതവിരുന്നും നടന്നു. സെന്റർ പാസ്റ്റർ പി. വി. ഗിരിജൻ പ്രാർത്ഥിച്ച് സമർപ്പിച്ച കൺവെൻഷനിൽ സിസ്റ്റർ ശ്രീരേഖ, പാസ്റ്റർ വി. ഡി. സഖറിയ, പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ പി. ജോർജ്ജ് ഫിലിപ്പ് (ദൈവസഭാ പ്രസിഡന്റ്) എന്നിവർ ദൈവവചനം സംസാരിച്ചു. പാസ്റ്റർ രാജേഷ് എം. കെ. പാസ്റ്റർ ഒ. തങ്കച്ചൻ തുടങ്ങിയ ദൈവദാസന്മാർ മീറ്റിംഗ് ലീഡ് ചെയ്തു. പാസ്റ്റർ വൈ. സ്റ്റീഫൻ (എക്സിക്യൂട്ടീവ് അംഗം) കോട്ടയം, കൊച്ചിൻ സെന്ററിലെ ദൈവദാസന്മാർ, സഭാവിശ്വാസികൾ ഈ കൺവെൻഷനിൽ സംബന്ധിച്ചിരുന്നു. പാസ്റ്റർ പോൾസൺ സ്റ്റീഫന്റെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷ നടന്നു. ബ്ര. നെൽസന്റെ ചുമതലയിൽ നടന്ന കൺവെൻഷൻ അനുഗ്രഹമായിരുന്നു.

### ഉപവാസപ്രാർത്ഥനയും തിരുവത്താഴവും

കോട്ടയം സെന്ററിൽ മുർക്കാടിപ്പടി സഭയുടെ ചുമതലയിൽ 2015 ഏപ്രിൽ 3,4,5 ദിവസങ്ങളിൽ ഉപവാസപ്രാർത്ഥനയും തിരുവത്താഴ ശുശ്രൂഷയും നടന്നു. ഇവാ. സാബു വർഗീസ്, ഇവാ. ജോസഫ് കെ. എസ്., ഇവാ ബിജു എം. പി., ഇവാ ബൈജു വടകര തുടങ്ങിയ ദൈവദാസന്മാർ മൂന്നു ദിവസങ്ങളിലായി വചനശുശ്രൂഷ നിർവ്വഹിച്ചു. സെന്റർ പാസ്റ്റർ തിരുവത്താഴ ശുശ്രൂഷ നടത്തി. ദൈവസഭയുടെ വിവിധ സഭകളിൽനിന്നുള്ള വിശ്വാസികൾ ഉൾപ്പെടെ 25 വ്യക്തികൾ തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുത്തു. ഇവാ. ബിജു എം. പി. ഇവിടെ ശുശ്രൂഷ ചെയ്തുവരുന്നു. പ്രാർത്ഥനയിൽ ഓർക്കുക. ✦



# പുത്തൻ തലമുറ

ഔസേഫച്ചൻ : ഇന്ന് ഡേവിമോൻ ഭയങ്കര വിഷാദത്തിലാണല്ലോ? എന്തു പറ്റി?

ഡേവിമോൻ : എന്തു പറയാനാ അച്ചായാ, മമ്മീ സീരിയൽ കാണുന്നത് നിർത്തി?

ഔസേഫച്ചൻ : ഹാ, അതൊരു നല്ല കാര്യമല്ലേ, അതിനു സന്തോഷിക്കയല്ലേ വേണ്ടത്. അതിനു പകരം കരയുകയാണോ?

ഡേവിമോൻ : അച്ചായൻ ആരുടെ ഭാഗത്താ? എന്റെയോ അതോ മമ്മീടെയോ?

ഔസേഫച്ചൻ : ഞാൻ ആരുടേയും ഭാഗത്തല്ല. ഞാൻ ദൈവത്തിന്റെ ഭാഗത്താണ്. അല്ലാ, നീയെന്തിനാണ് ഇതിനുവേണ്ടി കരയുന്നത്.

ഡേവിമോൻ : അത് അച്ചായാ, മമ്മീ സീരിയൽ കണ്ട് കണ്ട്, ആ സീരിയലിലെ നടിയുടെ റോളിൽ കയറി അഭിനയിക്കും. പപ്പ നായകന്റെ റോളിലും.

ഔസേഫച്ചൻ : അഭിനയിക്കുമെന്നോ? എനിക്ക് ഒന്നും മനസ്സിലാവുന്നില്ല.

ഡേവിമോൻ : അഭിനയിക്കുമെന്ന് പറഞ്ഞാൽ അവർ രണ്ടുപേരും തല്ലുകൂടുമെന്ന്. മമ്മി ഓരോ പരദൂഷണമായി എത്തും. അവസാനം അതു പപ്പയുടെ തലയിലേക്കു കയറ്റും. അതു പപ്പയ്ക്ക് ഇഷ്ടമാകില്ല. അവസാനം അതു തല്ലിൽ അവസാനിക്കും.

ഔസേഫച്ചൻ : തല്ലു കൂടുന്നതു നിനക്ക് ഇഷ്ടമാണെന്നാണോ നീ പറയുന്നത്?

ഡേവിമോൻ : ഹേയ്, അങ്ങനെയല്ല. അവർ തല്ലുകൂടുമ്പോൾ എന്റെ കാര്യം ശ്രദ്ധിക്കില്ല. അപ്പോൾ എനിക്കു സുഖമായി ഫോണിൽ കളിക്കാമായിരുന്നു. ഹും. എല്ലാം തകർത്തില്ലേ? ആ പുതുതായി വന്ന പാസ്റ്ററാണ് എല്ലാത്തിനും കാരണം.

ഔസേഫച്ചൻ : ഇതിന്റെ ദോഷവശം നിനക്ക് അറിയാതെയാണ്. സീരിയൽ കണ്ട് കണ്ട് നാം വഴുതിപ്പോകുന്നതു വലിയൊരു കുടുംബപ്രശ്നത്തിലേക്കാണ്. അതിലെ ഒരു എപ്പിസോഡ് കണ്ടാൽ മതി, പിന്നെ നമ്മൾ അതിൽത്തന്നെയായിരിക്കും.

ഡേവിമോൻ : അല്ലാ, ഇതെങ്ങനെയാ അച്ചായന് അറിയുന്നത്?

ഔസേഫച്ചൻ : എന്റെ ഭാര്യയ്ക്ക് ഇതല്ലേ സ്ഥിരം പണി. പ്രാർത്ഥിക്കാം എന്നു പറഞ്ഞാൽ മാത്രമേ അവൾ ടി. വി. നിർത്തുകയുള്ളൂ.

ഡേവിമോൻ : ഹോ. എന്റെ മമ്മിയാ അപ്പോൾ അച്ചായന്റെ ഭാര്യക്കാട്ടും ഭേദം

*(നിസ്സി ജോയ്)*

# ദൈവസഭാ ഏകദിന സെമിനാർ

**2015 മെയ് 4 തിങ്കൾ 9.00 am - 4.30 pm**

**സ്ഥലം:**

ദൈവസഭാഹാൾ, കഴുത്തുമുട്ട്, തോപ്പുംപടി, കൊച്ചി

**വിഷയം:**

"നാം ക്രിസ്തുവിന്റെ കൂട്ടുവേലക്കാർ"

**പ്രോഗ്രാം :**

- തിരുവത്താഴവും പാദശുശ്രൂഷയും – വചനാടിസ്ഥാനത്തിൽ
  പാസ്റ്റർ ജോർജ്ജ് ഫിലിപ്പ്
- സഭാവളർച്ചയ്ക്കുള്ള പ്രായോഗിക നിർദ്ദേശങ്ങൾ
  പ്രഫ. ജോൺ എം. ജോർജ്ജ്
- ചോദ്യോത്തര വേള
- സഹവർത്തിത്വത്തിന്റെ സുവിശേഷവേല
  പാസ്റ്റർ അനിൽ കൊടിത്തോട്ടം
- സമാപന സമ്മേളനം

CHURCH OF GOD HERALD
RNI-REG.NO.16984/68. BOOK POST-PERIODICAL

# CYPA ജനറൽ ക്യാമ്പ്

## 2015 ഏപ്രിൽ 15 ബുധൻ
## രാവിലെ 9 am മുതൽ വൈകീട്ട് 6 pm വരെ

**സ്ഥലം :**
ദൈവസഭാ ഹാൾ, കലയപുരം, കൊട്ടാരക്കര

**ക്യാമ്പ് വിഷയം :**
"ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക" (2 തിമൊ. 2:1)

**സമർപ്പണം :**
പാസ്റ്റർ ജോർജ്ജ് ഫിലിപ്പ് (ദൈവസഭാ പ്രസിഡന്റ്)

**അദ്ധ്യക്ഷൻ :**
പാസ്റ്റർ രാജൻ കുരുവിള (ദൈവസഭാ ജനറൽ സെക്രട്ടറി)

**മത്സര ഇനങ്ങൾ**
പാട്ട്, സമൂഹഗാനം, പ്രസംഗം,
വാക്യമത്സരം, ബൈബിൾ പാരായണം,
ഉപന്യാസം, വാക്യമെടുപ്പ്, ബൈബിൾ ക്വിസ്സ്

**CYPA ക്കുവേണ്ടി ഭാരവാഹികൾ**
Pr. Paulson Stephen (Director)
Br. Prince Edwin (Gen. Secretary)
Pr. Pratheesh Antony (Treasurer)

**കർത്തൃനാമത്തിൽ ഏവരേയും ക്ഷണിച്ചുകൊള്ളുന്നു**

Edited, Printed & Published by Br. Paul Thomas at Ebenezer Printers, TCR-3.

Ebenezer 0487-2361892